I-T

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 541 — 26-03-2010- ൽ മറുപടിയ്ക്ക്

## കാർഷികരംഗത്തേക്ക് കൂടുതൽപേരെ ആകർഷിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോർജ് എം. തോമസ് :<br>ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ.കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. കെ.സി. രാജഗോപാലൻ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷികവൃത്തി ആദായകരമാക്കുന്നതിനും കൂടുതൽ പേരെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | കാർഷിക വൃത്തി ആദായകരമാക്കുന്നതിനും, ജനങ്ങളെ ആകർഷിക്കുന്നതിനുമായി ഒട്ടേറെ നടപടികൾ ഈ സർക്കാർ കഴിഞ്ഞ 4 വർഷമായി സ്വീകരിച്ചുവരുന്നു. ഇതിനായി 1068 കർഷക അദാലത്തുകളും, 14 കർഷക സംഗമങ്ങളും നടത്തുകയുണ്ടായി ഈ പ്രക്രിയയിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങളിൽ പലതും കാർഷിക പദ്ധതികളുടെ 1-ാം വർഷം മുതലുള്ള ആസൂത്രണത്തിനു ഉപയോഗപ്പെടുത്തുകയും തന്മൂലം നടപ്പിലാക്കിയ വിവിധ വിള അധിഷ്ഠിത പദ്ധതികളിലൂടെയും കാർഷിക പക്ഷ പ്രവർത്തനങ്ങളിലൂടെയും കാർഷിക വൃത്തി അദായകരമാക്കുന്നതിനും കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പദ്ധതികളെ കുറിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | വിളവെടുപ്പ് കാലത്ത് കാർഷിക ഉൽപ്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പ് വരുത്തി കർഷകരെ സഹായിക്കുന്നതിന് വേണ്ടിയും പച്ചക്കറിയുടെ വില ക്രമാതീതമായി കൂടുന്നത് തടയുന്നതിന് വേണ്ടിയും വിപണി ഇടപെടൽ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിക്ക് 2009-2010 വർഷത്തിൽ 350 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ കുരുമുളക്, കമുക്, ഇഞ്ചി, കൊക്കോ, വാനില, കാപ്പി എന്നിവയുടെ വിലയിടിവു മൂലം തകർച്ചയിലായ കർഷകരെ സംരക്ഷിക്കുവാൻ 10 കോടി രൂപ കോർപ്പസ് ഫണ്ടായി കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിക്കായി ഈ വർഷം വക കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കാർഷികമേഖലയിൽ യന്ത്രവൽക്കരണം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (സി) | കാർഷിക മേഖലയിൽ യന്ത്രവത്ക്കരണം നടപ്പിലാക്കുവാൻ സർക്കാരിന്റെ വിവിധ പദ്ധതികളിൽ കൂടി നടപടി സ്വീകരിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ, ഭക്ഷ്യസുരക്ഷ, മാക്രോ മാനേജ്മെന്റ്, ഹോർട്ടിക്കൾച്ചറൽ മിഷൻ എന്നീ പദ്ധതികളിൽ കൂടി യന്ത്രവത്കരണം നടപ്പിലാക്കിവരുന്നു. കർഷകർ, പാടശേഖര സമിതികൾ, കർഷകതൊഴിലാളികൾ എന്നിവരിൽ 25-50% നിരക്കിൽ അവരവർക്ക് ആവശ്യമുള്ള കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുവാൻ ധനസഹായം നൽകി വരുന്നു. കൂടാതെ കേരളാ ആഗ്രോ ഇൻഡസ്ട്രീസ് മുഖേന 18 കൊയ്ത്ത് മെതി യന്ത്രങ്ങൾ വാങ്ങുകയും കർഷകർക്ക് കൊയ്ത്ത് സമയത്ത് നൽകി വരുന്നു. ആർ.കെ.വി.വൈ പദ്ധതി ത്രിതല പഞ്ചായത്തിലെ പദ്ധതികൾ മുഖേന ആവശ്യമുള്ള കൊയ്ത്ത് മെതി യന്ത്രങ്ങൾ വാങ്ങുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുവാൻ 8500 ലക്ഷം രൂപായുടെ പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുകയും ആയതിനുള്ള നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (ഡി) | കർഷകർക്ക് കുറഞ്ഞനിരക്കിൽ കാർഷിക വായ്പ ലഭിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുമോ ? | (ഡി) | നെൽകർഷകർക്ക് ഇപ്പോൾ പലിശ രഹിത വായ്പ നല്കുന്നുണ്ട്. പച്ചക്കറി കർഷകർക്കും ഇതു നല്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 542 26.03.2010-ൽ മറുപടിയ്ക്ക്

## "വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എം.മോനായി<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.എ.എം.യൂസഫ് | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2007-08ൽ 25 ലക്ഷം രൂപയും മൂലധന ഇനത്തിൽ 2007-08, 2008-09 എന്നി വർഷങ്ങളിലേയ്ക്ക് ആകെ 75 ലക്ഷം രൂപയും സർക്കാർ കോർപ്പറേഷന് നൽകിയിട്ടുണ്ട്. കൂടാതെ 2009-2010 വർഷത്തേക്ക് കോർപ്പറേഷന്റെ മൂലധനഇനത്തിൽ 50 ലക്ഷം രൂപ സ.ഉ.(സാധ) നം.513/10/എഡി. തീയതി 22.03.2010 പ്രകാരം അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചുകിടന്നിരുന്ന ആലത്തൂരിലേയും, തകഴിയിലേയും മോഡേൺറൈസ് മില്ലുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി എടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് 250 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഇതിൽ ആലത്തൂർ മോഡേൺ റൈസ് മിൽ 19.01.2010 ൽ പൂർണ്ണമായി പ്രവർത്തനമാരംഭിച്ചു. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന |

| | |
|---|---|
| | അരി "അന്നം" എന്ന പേരിൽ 5.10.25.50 കിലോ പ്ളാസ്റ്റിക് ബാഗുകളിലാക്കി വെയർഹൗസിംഗ് കോർപ്പറേഷന്റെ 20-ൽ പരം സെന്ററുകളിൽ കൂടി വിപണനം നടത്തുന്നതിനുള്ള നടപടി 19.3.2010 മുതൽ ആരംഭിച്ചു. ഒരു കിലോ കുത്തരിക്ക് 18 രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്.<br><br>സ്വകാര്യ ഗോഡൗണിൽ പ്രവർത്തിച്ചു വന്നിരുന്ന കേരള സംസ്ഥാന സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ 11 താലൂക്ക് ഡിപ്പോകൾ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിലേയ്ക്ക് പ്രവർത്തനം മാറ്റിയിട്ടുണ്ട്. സർക്കാരിന്റെ നെല്ല് സംഭരണത്തോടനുബന്ധിച്ച് പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ തുടങ്ങിയ ജില്ലകളിൽ കോർപ്പറേഷന്റെ ഗോഡൗണുകൾ സംഭരണത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| ബി) പുതുതായി എത്ര ഗോഡൗണുകൾ നിർമ്മിച്ചു; | ബി) നോർത്ത് പറവൂരിൽ 865 മെട്രിക് ടണ്ണിന്റെ ഒരു പുതിയ ഗോഡൗൺ നിർമ്മിച്ചു. |
| സി) എത്ര ഗോഡൗണുകൾകൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ; | സി) നോർത്ത് പറവൂർ വെയർഹൗസിൽ 2000 മെട്രിക് ടണ്ണിന്റെ ഒരു പുതിയ ഗോഡൗണിന്റെ നിർമ്മാണം ആരംഭിച്ചു. പാലക്കാട് ജില്ലയിലെ മുതലമടയിൽ 2000 മെട്രിക് ടണ്ണിന്റെ ഒരു പുതിയ ഗോഡൗൺ നിർമ്മിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി) എറണാകുളത്ത് ഒരു കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ ആരംഭിക്കാൻ പരിപാടിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ഡി) എറണാകുളത്ത് സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ ഒരു കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ പ്രവർത്തിക്കുന്നു. കൂടാതെ ഒരു കണ്ടെയ്നർ |

| | |
|---|---|
| | ഫ്രെയിറ്റ് സ്റ്റേഷൻ കൂടി ആരംഭിക്കുവാൻ പരിപാടിയുണ്ട്. അതിന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല. |
| ഇ) ഗോഡൗണുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ഇ) വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. എല്ലാ വെയർ ഹൗസുകളുടെയും പെർഫോമൻസ് റിപ്പോർട്ട് മാസം തോറും ശേഖരിക്കുകയും വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്. |
| എഫ്) കോർപ്പറേഷന്റെ ഇപ്പോഴത്തെ ധനസ്ഥിതി വ്യക്തമാക്കുമോ? | എഫ്) പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം കോർപ്പറേഷന് 2008-09 വർഷത്തിൽ 110 ലക്ഷം രൂപ പ്രവർത്തനലാഭമുണ്ട്. 2009-10 വർഷത്തിൽ കോർപ്പറേഷൻ 82 ലക്ഷം രൂപയുടെ പ്രവർത്തനലാഭം പ്രതീക്ഷിക്കുന്നു. ഫൈനലൈസ് ചെയ്ത കണക്കനുസരിച്ച് 31.03.2007 വരെയുള്ള സഞ്ചിത നഷ്ടം 789.24 ലക്ഷം രൂപ ആയിരുന്നത് 2009-2010 അവസാനമാകുമ്പോൾ 546.37 ലക്ഷം രൂപയായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 543 26.3.2010 ൽ മറുപടിക്ക്

### മെയിന്റനൻസ് നടത്താത്തതുമൂലം ജീർണ്ണാവസ്ഥയിലായ കെട്ടിടങ്ങൾ

**ചോദ്യം**

ശ്രീ. ടി.പി. കുഞ്ഞുണ്ണി
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. എം.കെ. പുരുഷോത്തമൻ
ശ്രീ. എം.ജെ. ജേക്കബ്
ശ്രീ. എം. ഹംസ

**ഉത്തരം.**

ശ്രീ. പി.ജെ. ജോസഫ്
**(മരാമത്ത് വകുപ്പ് മന്ത്രി)**

എ) കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്താതുമൂലം ജീർണ്ണാവസ്ഥയിലായ കെട്ടിടങ്ങളെ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി വരുന്നു. എന്നാൽകാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലായ, ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ആഫീസുകൾ, സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ എന്നിവയിൽ അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ ഏതെല്ലാമാണ്;

(ബി) അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ താഴെ പറയുന്നവയാണ്

(1) പുനലൂർ എക്സൈസ് റേഞ്ച് ഓഫീസിന്റെ തൊണ്ടി സാധനം സൂക്ഷിക്കുന്ന പഴയ കെട്ടിടം, (2) അച്ചൻ കോവിൽ പോലീസ് ക്വാർട്ടേഴ്സ്, (3) പാലക്കാട് ചെമ്പൈ സ്മാരക സംഗീത കോളേജ് വനിതാ ഹോസ്റ്റൽ, (4) അഗളി പൊതുമരാമത്ത് നിരത്തു വിഭാഗം സെക്ഷൻ ഓഫീസ്.

| | |
|---|---|
| (സി) ധനകാര്യ വകുപ്പ് രൂപീകരിച്ചിട്ടുള്ള ആസ്തി സംരക്ഷണ ഫണ്ടിൽ നിന്നും ഈ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനായി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി ഉണ്ട് |
| (ഡി) ആസ്തി സംരക്ഷണ ഫണ്ട് പ്രയോജനപ്പെടുത്തി നടപ്പു വർഷം നടത്തിയ പ്രവർത്തനങ്ങൾ വ്യക്ത മാക്കുമോ? | (ഡി) ആരോഗ്യ വകുപ്പിൻെറ കീഴിൽ 28.63 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന 22 പ്രവൃത്തികൾക്കും ഉന്നത വിദ്യാഭ്യാസ വകുപ്പിൻെറകീഴിൽ 16.25 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന 18 പ്രവൃത്തികൾക്കും ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിൻെറ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.544. 26.03.2010 -ൽ മറുപടിക്ക്

## ഉന്നതവിദ്യാഭ്യാസ കൗൺസിൽ നൽകിയിട്ടുള്ള ശുപാർശകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ടി.ജലീൽ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.കെകുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.പി.ജയരാജൻ | ശ്രീ.എം.എ. ബേബി<br>( ബഹു. വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പ് മന്ത്രി ) |
| (എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികസനത്തിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ നൽകിയിട്ടുള്ള ശുപാർശകൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികസനത്തിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ നൽകിയിട്ടുള്ള ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>ഡിഗ്രിതല കോഴ്സുകളുടെ പുന:സംഘാടനം, ക്ലസ്റ്റർ കോളേജുകൾ, ഉന്നത വിദ്യാഭ്യാസ നയരൂപീകരണം, മറ്റ് കോഴ്സുകളുടെയും പരീക്ഷകളുടെയും പുന:സംഘാടനം, സർവകലാശാല നിയമങ്ങളുടെ പരിഷ്ക്കരണം, റാഗിംഗ് നിരോധനം, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കൽ എന്നിവ. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | എം.ജി., ശ്രീ ശങ്കരാചാര്യ, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിൽ ഡിഗ്രിതല വിദ്യാഭ്യാസം പുനഃസംഘടിപ്പിക്കുകയുണ്ടായി. തിരുവനന്തപുരത്തും എറണാകുളത്തും ഓരോ ക്ലസ്റ്ററുകൾ സ്ഥാപിച്ചു. കോഴിക്കോട് കേന്ദ്രമായി ഒരു ക്ലസ്റ്റർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.<br>അടിസ്ഥാനവിഷയങ്ങളുടെ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനും ഉന്നതവിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ട് നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതിയുടെ ഉദ്ഘാടനം 2010 ജനുവരി 3 ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നിർവഹിക്കുകയുണ്ടായി. ഫണ്ട് സമാഹരിക്കലും നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (സി) | **ക്ലസ്റ്റർ കോളേജ് സമ്പ്രദായം എത്ര കോളേജുകളിൽ നടപ്പാക്കിയിട്ടുണ്ട്; ഇത് കൂടുതൽ കോളേജുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?** | (സി) | 9 കോളേജുകളിൽ നടപ്പാക്കിയിട്ടുണ്ട്. കൂടുതൽ കോളേജുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരത്തും എറണാകുളത്തും ഓരോ ക്ലസ്റ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു. തിരുവനന്തപുരം ക്ലസ്റ്ററിൽ യൂണിവേഴ്സിറ്റി കോളേജ്, ഗവ. വിമൻസ് കോളേജ്, ഗവ. സംസ്കൃത കോളേജ്, കാര്യവട്ടം ഗവൺമെന്റ് കോളേജ്, ഗവ. ആർട്സ് കോളേജ് എന്നിവ ഉൾപ്പെടുന്നു. എറണാകുളം ക്ലസ്റ്ററിൽ ഗവ. മഹാരാജാസ് കോളേജ്, തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജ്, ഗവ. സംസ്കൃത കോളേജ്, കൊച്ചിൻ കോളേജ് എന്നിവ ഉൾപ്പെടുന്നു. ഉത്തരകേരളത്തിൽ മടപ്പള്ളി ഗവൺമെന്റ് കോളേജ്, ഗവൺമെന്റ് കോളേജ്, മൊകേരി, ഗവൺമെന്റ് കോളേജ്, പേരാമ്പ്ര, ഗവൺമെന്റ് കോളേജ്, കൊയിലാണ്ടി, ആർ.ശങ്കർ മെമ്മോറിയൽ എസ്.എൻ.ഡി.പി. യോഗം കോളേജ്, കൊയിലാണ്ടി എന്നിവയെ ഉൾപ്പെടുത്തി ഒരു ക്ലസ്റ്റർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) | അടിസ്ഥാനവിഷയങ്ങളുടെ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനും ഉന്നതവിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും ഊന്നൽ നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയുടെ ഉദ്ഘാടനം 2010 ജനവരി 3ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നിർവഹിക്കുകയുണ്ടായി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുകൊണ്ട് ഒരു വിദ്യാർത്ഥിക്കും ഉന്നതവിദ്യാഭ്യാസത്തിന് അവസരം നിഷേധിക്കപ്പെടരുത് എന്ന് ഉറപ്പുവരുത്തുക, അടിസ്ഥാന വിഷയങ്ങളിൽ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക, ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് യോഗ്യതയുടേയും മികവിന്റേയും അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സ്കോളർഷിപ്പ് പരിപാടിയുടെ നടത്തിപ്പിലേയ്ക്കായി 100 കോടി രൂപ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സംസ്ഥാന സർക്കാർ 3 കോടി രൂപ ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ 12 കോടി രൂപ വാഗ്ദാനം ചെയ്തിട്ടുമുണ്ട്. കൗൺസിൽ സമാഹരിക്കുന്ന തുകയുടെ 50% മാച്ചിംഗ് ഗ്രാന്റായി സർക്കാർ ലഭ്യമാക്കുന്നതാണ്. രാജ്യത്തിനകത്തും പുറത്തും നിന്നുമായി ഇതിനായി ഉദാരമായി സംഭാവന ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് 16 ലക്ഷത്തിൽപ്പരം രൂപ ഇതിനോടകം സംഭാവനയായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 645 — 26-03-2010- ൽ മറുപടിയ്ക്ക്

## കീടനാശിനികളുടെ അമിത ഉപയോഗം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റ്റി.യു.കുരുവിള : | | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് കൃഷിക്കാർ അനിയന്ത്രിതമായ തോതിൽ മാരകമായ വിഷാംശം അടങ്ങിയ കീടനാശിനികൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഇതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) | കീടനാശിനികളുടെ അമിതവും അനവശ്യാധിഷ്ഠിതമല്ലാത്തതുമായ ഉപയോഗം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും കർഷകരെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി ധാരാളം കർഷക പരിശീലന പരിപാടികളും സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും എല്ലാ ജില്ലകളിലും നടത്തി വരുന്നുണ്ട്. ഈ പരിപാടികൾ തുടർന്നും ചെയ്തു കൊണ്ടിരിക്കുന്നു. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ കൂടിയും പത്രങ്ങളിൽ കൂടിയും കീടനാശിനിയുടെ അമിതവും അശ്രദ്ധവുമായ ഉപയോഗം കൊണ്ടുള്ള ദൂഷ്യഫലങ്ങളെക്കുറിച്ച് നിരന്തരം കർഷകരെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നുണ്ട്. കീടനാശിനി വിൽപ്പന നടത്തുന്ന ഡിപ്പോകൾ പരിശോധന നടത്തുകയും അമിത കീടനാശിനി ഉപയോഗത്തെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനുമുള്ള അധികാരം കേന്ദ്രത്തിനാണ്. |

(സി) സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയിട്ടുള്ള കീടനാശിനികൾ ഏതൊക്കെയാണ്;

(സി) എൻഡോ സൾഫാൻ എന്ന കീടനാശിനി കേരളത്തിൽ മാത്രം നിരോധിച്ചിട്ടുണ്ട്. കൂടാതെ ആൽഡ്രിൻ, ബെൻസീൻ ഹെക്സാ ക്ലോറൈഡ് മുതലായ 29 കീടനാശിനികളുടെ ഉപയോഗം കേന്ദ്രം നിരോധിച്ചിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്).

ഡി) കീടനാശിനികളുടെ ഉപയോഗം മൂലം കാർഷിക ഉൽപന്നങ്ങളിൽ ഉണ്ടായിരിക്കുന്ന വിഷാംശത്തിന്റെ അളവ് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

(ഡി) AEZ പദ്ധതി പ്രകാരം പാറോട്ടുകോണത്ത് സ്ഥാപിതമായിട്ടുള്ള സെൻട്രൽ സോയിൽ പ്ലാന്റ് ഹെൽത്ത് സെന്ററിൽ കാർഷിക ഉൽപ്പന്നങ്ങളിൽ കാണപ്പെടുന്ന കീടനാശിനകളുടെ അവിഷ്ട വിഷത്തിന്റെ അളവ് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം 2006 ഡിസംബർ മുതൽ പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.546 — 26.03.2010 ൽ മറുപടിയ്ക്ക്

## കുരുമുളക് കൃഷിയുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.ജോർജ്.എം.തോമസ്<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) വരൾച്ചയും രോഗവും മൂലം കുരുമുളകു കൃഷി നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) & (ബി) ഉണ്ട്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ കുരുമുളക് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കുരുമുളക് കർഷകർക്ക് ധനസഹായം നൽകി വരുന്നു. ഈ പദ്ധതി പ്രകാരം രോഗം ബാധിച്ചതും ഉല്പാദനശേഷി കുറഞ്ഞതുമായ കുരുമുളകു വള്ളികൾ മുറിച്ചുമാറ്റി അത്യുൽപാദന ശേഷിയുള്ളവ നട്ടുപിടിപ്പിച്ച് തോട്ടം പരിപാലിയ്ക്കുന്നതിനായി ഹെക്ടർ ഒന്നിന് 15,000/- രൂപ ധനസഹായം നൽകുന്നു. |
| (സി) കുരുമുളകു കൃഷിയുടെ പുനരുദ്ധാരണത്തിനായി കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) ഉണ്ട്. ദേശീയ ഹോർട്ടികൾച്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കുരുമുളകു കൃഷിയുടെ പുനരുദ്ധാരണത്തിനായി ഹെക്ടറൊന്നിന് 15,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. |
| (ഡി) ഇടുക്കി കാർഷിക പാക്കേജിന്റെ ഭാഗമായി കുരുമുളകു കൃഷിയുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) ഇടുക്കി കാർഷിക പാക്കേജിന്റെ ഭാഗമായി കുരുമുളക് പുനരുദ്ധാരണത്തിനായി സുഗന്ധ വ്യഞ്ജന ബോർഡ് (സ്പൈസസ് ബോർഡ്) ഇടുക്കി ജില്ലയിൽ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.547 — 26.03.2010 ൽ മറുപടിയ്ക്ക്

## ഔഷധസസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ.സി.രാജഗോപാലൻ
ശ്രീ.എം.ചന്ദ്രൻ
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.സി.കെ.പി.പത്മനാഭൻ

**മറുപടി**

ശ്രീ.മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനും ദേശീയ ഔഷധ സസ്യമിഷനും സംയുക്തമായി ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ;

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ദേശീയ ഔഷധസസ്യമിഷനിലൂടെയാണ് ഔഷധ സസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം - ആധുനിക സംവിധാനങ്ങളോടു കൂടി സ്ഥാപിക്കുന്ന മാതൃകാ നഴ്സറികൾക്കും ചെറുകിട നഴ്സറികൾക്കും വൻതോതിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി ധനസഹായം ലഭ്യമാക്കുന്നു. മാതൃകാ നഴ്സറി : 2 ലക്ഷം മുതൽ 3 ലക്ഷം തൈകൾ വരെ ഉൽപാദന ശേഷിയുള്ള പൊതു മേഖലാ സ്ഥാപനങ്ങൾക്ക് 20 ലക്ഷം രൂപയും (പദ്ധതി ചെലവിൻെറ 100%) സ്വകാര്യമേഖലയിൽ 10 ലക്ഷം രൂപയും (പദ്ധതി ചെലവിൻെറ 50%) ധനസഹായം നൽകുന്നു.
2. ഔഷധ സസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കൽ - നടപ്പു സാമ്പത്തിക വർഷത്തിൽ 29 ഔഷധ സസ്യങ്ങളുടെ വിളവിസ്തൃതി

വർദ്ധിപ്പിക്കുന്നതിന് 20%, 50%, 75% നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

3. വിളവെടുപ്പാനന്തര പരിപാലനം - ഔഷധസസ്യ ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഉണക്കുപുര, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുന്നതിനായി ധനസഹായം നൽകുന്നു. ഉണക്കുപുര സ്ഥാപിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 5 ലക്ഷം രൂപ (പദ്ധതി ചെലവിന്റെ 100%) സ്വകാര്യ മേഖലയിൽ 2.5 ലക്ഷം രൂപ (പദ്ധതി ചെലവിന്റെ 50%) യും സംഭരണ ശാലകൾക്ക് പൊതുമേഖലയിൽ 5 ലക്ഷം രൂപയും (പദ്ധതി ചെലവിന്റെ 100%) സ്വകാര്യ മേഖലയിൽ 2.5 ലക്ഷം രൂപ (പദ്ധതി ചെലവിന്റെ 50%) ധനസഹായം നൽകുന്നു.
4. സംസ്ക്കരണവും മൂല്യവർദ്ധനവും -ഔഷധസസ്യങ്ങളുടെ സംസ്ക്കരണത്തിനും മൂല്യവർദ്ധനവിനുമായി ബന്ധപ്പെട്ട് സംസ്ക്കരണ യൂണിറ്റിന് പദ്ധതി ചെലവിന്റെ 25 %വും നിലവാര പരിശോധനാ യൂണിറ്റുകൾക്ക് പദ്ധതി ചെലവിന്റെ 30%വും വിപണി വ്യാപന പ്രവർത്തനങ്ങൾക്ക് പദ്ധതി ചെലവിന്റെ 50%വും വിള ഇൻഷ്വറൻസിന് പ്രീമിയത്തിന്റെ 50% നിരക്കിൽ ധനസഹായം നൽകുന്നു.

| | |
|---|---|
| (ബി) കൃഷി വകുപ്പ്, വനം വകുപ്പ് എന്നിവയ്ക്കു പുറമെ പദ്ധതിയിൽ സഹകരിക്കുന്ന മറ്റ് സംഘടനകളും ഏജൻസികളും ഏതെല്ലാമാണ്; | (ബി) കൃഷി വകുപ്പ്, വനം വകുപ്പ് എന്നിവയ്ക്കു പുറമെ ആയുർവേദ ചികിത്സാ വകുപ്പ് , ആരോഗ്യ വകുപ്പ്, ഔഷധസസ്യ ബോർഡ്, കാർഷിക |

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 548 — 26-03-2010- ൽ മറുപടിയ്ക്ക്

## മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.പി. മോഹനൻ :<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) | |
| എ) | മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) | ഉല്പന്നങ്ങൾക്ക് വില തകർച്ച നേരിടുന്ന നാളികേര കർഷകർക്ക് ആശ്വാസമേകുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവില പദ്ധതി അനുസരിച്ച് കൊപ്ര സംഭരിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br>ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് ക്രീം, കോക്കനട്ട് മിൽക്ക് പൗഡർ എന്നിവ ഉല്പാദിപ്പിക്കുന്നതിനുള്ള ഫുഡ് പ്രോഡക്റ്റ് പ്രോജക്റ്റ് കേരഫെഡ് പ്രഖ്യാപിച്ചിട്ടുണ്ട്.<br>സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ 'അന്നം' അരി ഉല്പാദിപ്പിച്ചു വിതരണം ചെയ്യുന്നു. വയനാട്ടിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീരകശാല, ഗന്ധകശാല, നെല്ലരി ഉല്പാദിപ്പിച്ചു വില്ക്കുവാനുള്ള പ്രത്യേക മില്ലു സ്ഥാപിച്ചു പ്രവർത്തനം ആരംഭിക്കുന്നു, വെറ്റ് പെപ്പർ ഉല്പാദിപ്പിക്കുവാനുള്ള ഒരു പദ്ധതിയും കെയ്കൊ പ്രാവർത്തികമാക്കി. ഓയിൽപാം ഇന്ത്യ കെർതൽ ഓയിൽ ഉല്പാദിപ്പിക്കുവാനുള്ള ഫാക്ടറി സ്ഥാപിച്ചു, നെല്ലിയാംപതിയിൽ വിവിധഫല ഉല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള വിപുലമായ സംവിധാനം, എൻ.എ.പി.സി ജൈവും മറ്റു പഴ ഉല്പന്നങ്ങളും, നാലു വർഷത്തിലേറെയായി പൂട്ടികിടന്ന പുനലൂർ അഗ്രോ ഫ്രൂട്ട് പ്രോഡക്റ്റ് വീണ്ടും വിവിധ ഉല്പന്നങ്ങളുമായി തുറന്നു പ്രവർത്തനമാരംഭിക്കുന്നു. ഹോർട്ടികോർപ്പ് വിവിധ തേനുല്പന്നങ്ങളുടെ നിർമ്മാണം നടത്തുന്നു. പൊക്കാളി നെല്ലു സംസ്കരണത്തിന് പ്രത്യേക മില്ലു സ്ഥാപിച്ച് അരിയുല്പാദനം, കേരള കാർഷിക സർവ്വകലാശാലയുടെ നീര, തുടങ്ങി നിരവധി പദ്ധതികളാണ് നിലവിലുള്ളത്. |
| ബി) | മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന വകുപ്പുകളുടേയും ഏജൻസികളുടെയും വിശദാംശം ലഭ്യമാക്കുമോ ; | (ബി) | നാഫെഡ്, കേരഫെഡ്, മാർക്കറ്റ്ഫെഡ്<br>കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനീയറിങ്ങിൽ ദേശീയ ഏകോപിത പദ്ധതി പ്രകാരം പ്രോസസിങ്ങ് എഞ്ചിനീയറിങ്ങിലും മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രത്തിൽ RKVY യുടെ സാങ്കേതിക സഹായത്തോടെ കശുമാങ്ങ ഉല്പന്നങ്ങളിലും ഗവേഷണം നടത്തിവരുന്നു. SHM ന്റെ സഹായത്തോടെ വെള്ളായണി കാർഷിക കോളേജിൽ പഴം, പച്ചക്കറി സംസ്ക്കരണത്തിൽ ഗവേഷണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, |

വെറ്റിനറി കോളേജിലെ ഡയറി സയൻസ് ഡിപ്പാർട്ട്മെന്റ്, വെള്ളായണി കാർഷിക കോളേജിലെ ഫുഡ് സയൻസ് & ന്യൂട്രീഷൻ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ പ്ലാൻ പദ്ധതി പ്രകാരവും ബാഹ്യ സഹായ പദ്ധതി പ്രകാരവും ഗവേഷണം നടത്തുന്നു.

| | |
|---|---|
| **സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിലുണ്ടായ പുരോഗതി വ്യക്തമാക്കുമോ ?** | (സി) ഈ സാമ്പത്തിക വർഷത്തിൽ 4450/- രൂപ നിരക്കിൽ താങ്ങുവില നൽകി 232817 ക്വിന്റൽ കൊപ്ര ഇതുവരെ സംസ്ഥാനത്തു നിന്ന് കേരഫെഡ് സംഭരിച്ചിട്ടുണ്ട്. ഡെസിക്കേറ്റട് കോക്കനട്ട്, കോക്കനട്ട് ക്രീം, കോക്കനട്ട് മിൽക് പൗഡർ എന്നിവ ഉല്പാദിപ്പിക്കുന്നതിനുള്ള മെഷിനറികൾ കേരഫെഡ് കരുനാഗപ്പള്ളി ഫാക്ടറിയിൽ സ്ഥാപിക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ അവ ഉല്പാദിപ്പിക്കുകയുമുണ്ടായി. |

കശുമാങ്ങയിൽ നിന്ന് പുളിപ്പിച്ചതും അല്ലാത്തതുമായ വിഭവങ്ങളുടെ നിർമ്മാണ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വിവിധ പരിപാടികൾ നടത്തി വരുന്നു. കൂടാതെ, തണ്ണിമത്തനിൽ നിന്നും ഭക്ഷ്യവസ്തുക്കൾക്ക് പ്രകൃതിദത്ത നിറം നൽകുന്ന ലൈക്കോപ്പിൻ വേർതിരിച്ചെടുക്കുന്നതിനുള്ള സാങ്കേതിക വിദ്യയും വാനിലാ കായ്കളുടെ നൂതന സംസ്ക്കരണ രീതി വികസിപ്പിക്കുന്നതിനുമുള്ള ഗവേഷണഫലത്തിന് പേറ്റന്റ് ലഭിയ്ക്കാനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കശുമാവ് ഉല്പന്നങ്ങളെ അടിസ്ഥാനമാക്കി മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തിനുള്ള സ്വയം സംരഭക യൂണിറ്റ് സ്ഥാപിയ്ക്കുന്നതിന് മൂന്ന് സ്വയം സഹായ സംഘങ്ങളെ പരിശീലിപ്പിച്ച് പ്രവർത്തനം ആരംഭിച്ചു.

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ക്ഷീരോൽപ്പാദകർക്ക് പാൽ ഉൽപ്പന്നങ്ങളുടെ ചെറുകിട സ്വയം സഹായ നിർമ്മാണ സംരംഭം തുടങ്ങുന്നതിനുതകുന്ന ഒരു മാതൃകാ യൂണിറ്റിന്റെ വികസനത്തിന് ആവശ്യമായ ഗവേഷണം ആരംഭിച്ചു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 549** **26/03/2010-ൽ മറുപടിക്ക്**

## നിരന്തര മൂല്യ നിർണ്ണം

**ചോദ്യം**
ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.വർക്കല കഹാർ

**ഉത്തരം**
ശ്രീ.എം.എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സ്കൂൾ തലത്തിൽ നിരന്തര മൂല്യനിർണ്ണയം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | എ) | സ്കൂൾ തലത്തിൽ നിരന്തര മൂല്യനിർണയവുമായി ബന്ധപ്പെടുത്തി മേഖലകൾ നിശ്ചയിക്കുകയും സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയുമാണ് ചെയ്തു വരുന്നത്. ലോവർ പ്രൈമറി തലത്തിൽ വിവിധ ശേഷികളെ പഠന പ്രവർത്തന മേഖലകളുടെ അടിസ്ഥാനത്തിൽ നേരിട്ട് ഗ്രേഡ് ചെയ്യലാണ് നിലവിലുള്ളത്. അപ്പർ പ്രൈമറിയിലും ഹൈസ്കൂളിലും സൂചകങ്ങൾക്ക് സ്കോർ നൽകി ഗ്രേഡുകൾ നിശ്ചയിക്കുന്ന രീതിയാണ് നിലവിലുള്ളത്. നിരന്തര മൂല്യനിർണ്ണയത്തിന് പൊതുവായി നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് സെമിനാർ, പ്രോജക്ട്, അസൈൻമെന്റ്, പോർട്ട് ഫോളിയോ, ക്ലാസ് ടെസ്റ്റ് തുടങ്ങിയവ. |
| ബി) | വിദ്യാർത്ഥികളുടെ വിജ്ഞാനം വർദ്ധിപ്പിക്കുക, നിലവാരം ഉറപ്പ് വരുത്തുക, വ്യക്തിത്വം വികസിപ്പിക്കുക, സാമൂഹ്യബോധം വളർത്തുക എന്നീ ലക്ഷ്യങ്ങൾ നിലവിലുള്ള നിരന്തര മൂല്യനിർണ്ണയത്തിലൂടെ എപ്രകാരം ആണ് നിർവ്വഹിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | നിരന്തര മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വിഷയങ്ങളും കുട്ടികളുടെ വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ആയാസരഹിതമായ പഠനാന്തരീക്ഷം ഒരുക്കികൊടുക്കുന്നതിനും സഹായകമാണ്. വായന സാമഗ്രികൾ ലഭ്യമാക്കുക, ലൈബ്രറി, ലബോറട്ടറി എന്നിവ പ്രവർത്തന നിരതമാക്കുക, ചർച്ചകൾ സംഘടിപ്പിക്കുക, പഠനയാത്രകൾ സൗകര്യപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കാൻ കഴിയും. കുട്ടികൾ പ്രോജക്ടുകൾ ചെയ്യുന്നതിലൂടെ അന്വേഷണാത്മകമായ പഠനപ്രവർത്തനം സാധ്യമാക്കുന്നു. സെമിനാറുകളിലൂടെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് അവസരം ഒരുക്കുന്നു. ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ കുട്ടികൾ സാമൂഹ്യബോധത്തിന്റെ ബാലപാഠം അഭ്യസിക്കുന്നു. ഗ്രൂപ്പുകളിലെ നേതൃപ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ നേതൃഗുണം സൃഷ്ടിക്കപ്പെടുന്നു. |

⇨

| | | | |
|---|---|---|---|
| സി) | പ്രസ്തുത മൂല്യനിർണ്ണയ രീതിയിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് പറയുമോ; | സി) | സ്വയം വിലയിരുത്തൽ, പരസ്പരം വിലയിരുത്തൽ, ഫോർട്ട് ഫോളിയോ വിലയിരുത്തൽ, ടീച്ചറുടെ നിരീക്ഷണം, പ്രകടിതരൂപങ്ങൾ വിലയിരുത്തൽ എന്നിവ ഉൾപ്പെടുത്തി മൂല്യനിർണ്ണയ രീതിയിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ഡി) | പ്രസ്തുത മാറ്റങ്ങളിലൂടെ മേൽപ്പറഞ്ഞ കാര്യങ്ങൾ എങ്ങനെ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | ഡി) | സ്വയം വിലയിരുത്തലിന് ചെക്ക് ലിസ്റ്റ്, റേറ്റിംഗ് സ്കെയിൽ, റൂബ്രിക്ക് തുടങ്ങിയവ ഉപയോഗിക്കുകയും പരസ്പരം വിലയിരുത്തലിന് പൊതുമാനദണ്ഡങ്ങൾ തയ്യാറാക്കിയും ചെറുസംഘങ്ങളായുള്ള വിലയിരുത്തലിന് അവസരമൊരുക്കിയും ഒരു നിശ്ചിത കാലയളവിൽ കുട്ടികൾ നടത്തിയ ശേഖരണമുൾപ്പെടുത്തിയ പോർട്ട്ഫോളിയോ വിലയിരുത്തിയും വ്യക്തിത്വവികാസം, പഠനനിർവ്വഹണം എന്നിവക്ക് അദ്ധ്യാപകരുടെ നിരീക്ഷണത്തിൽ അവസരമൊരുക്കിയും ലിഖിതമോ വാചികമോ, പ്രവൃത്തിപരമോ ആയ വിലയിരുത്തലിലൂടെ പ്രകടിത രൂപങ്ങളുടെ വിലയിരുത്തലുകൾക്ക് അവസരം നല്കിയും പ്രസ്തുത മാറ്റങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 550 — 26.3.2010 ൽ മറുപടിക്ക്.

## ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. വി.ജെ. തങ്കപ്പൻ: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി.) |
| (എ) ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി പൂർത്തിയായിട്ടുണ്ടോ, എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കുന്നതിന്റെ ഭാഗമായി തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ നിലവിലുള്ള ഷൂട്ടിംഗ് ഫ്ളോറിനോട് ചേർന്ന് ആധുനിക സൗകര്യങ്ങളോട് കൂടിയ ഡി.ടി.എസ് റെക്കോർഡിംഗ് സ്റ്റുഡിയോയുടെ നിർമ്മാണം പൂർത്തീകരിച്ച് റിക്കോർഡിംഗ് ആരംഭിച്ചിട്ടുണ്ട്. സ്റ്റുഡിയോ കോമ്പൗണ്ടിൽ എയർ കണ്ടീഷന്റ് ഷൂട്ടിംഗ് ഫ്ളോറിന്റെ പണി പുരോഗമിച്ചു വരുന്നു. കൂടാതെ കുട്ടികളുടെ പാർക്കിന്റെയും, പൂന്തോട്ട നവീകരണത്തിന്റെയും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പുതുതായി ഒരു കൺവെൻഷൻ സെന്റർ, അക്കോമഡേഷൻ ബ്ലോക്ക് എന്നിവയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെയും സ്വകാര്യ മേഖലയുടെയും സഹകരണത്തോടെ ഒരു ഫിലിം സിറ്റി ഉണ്ടാക്കുന്നതിലേക്കുള്ള പദ്ധതി പരിശോധിച്ചു വരുന്നു. |
| (ബി) ചലച്ചിത്ര നിർമ്മാണത്തിനായി ചിത്രാഞ്ജലിയിൽ ലഭ്യമായ സൗകര്യങ്ങൾ വ്യക്തമാക്കുമോ; | (ബി) ചിത്രാഞ്ജലിയിൽ ഫീച്ചർ ഫിലിം, ചിൽഡ്രൻസ് ഫിലിം, ഷോർട്ട് ഫിലിം, ഡോക്യുമെന്ററി, ടെലിവിഷൻ പ്രൊഡക്ഷൻ, എന്നിവയ്ക്ക് വേണ്ട സേവന - സൗകര്യങ്ങളുടെ പാക്കേജ് സ്കീമുകൾ - ടോട്ടൽ പാക്കേജ് സ്കീം, ക്രെഡിറ്റ് കാർഡ് സ്കീം, ചിത്രാഞ്ജലി പ്ലസ് സ്കീം എന്നിവ ലഭ്യമാണ്. ഔട്ട് ഡോർ യൂണിറ്റ്, പ്രൊജക്ഷൻ സൗകര്യം, നോൺ ലീനിയർ എഡിറ്റിംഗ് സൗകര്യം, നെഗറ്റീവ് പഞ്ചിംഗ്, കട്ടിംഗ് സൗകര്യങ്ങൾ, സ്റ്റുഡിയോ സന്ദർശകർക്കായി സിനിമ നിർമ്മാണസൗകര്യങ്ങൾ പരിചയപ്പെടുത്തി കൊടുക്കൽ, കാന്റീൻ സൗകര്യം, ലബോറട്ടറി സൗകര്യം എന്നിവ ലഭ്യമാണ്. ക്യാമറ, ഷൂട്ടിംഗ് വിഭാഗത്തിന്റെ ഔട്ട് ഡോർ ഷൂട്ടിംഗിന് ആവശ്യമായ വിവിധ തരം ലൈറ്റുകൾ, ജനറേറ്റർ എന്നിവ കൂടാതെ നിർമ്മാതാക്കൾ ആവശ്യപ്പെടുന്ന ഏതു തരം ക്യാമറയും ലഭ്യമാക്കുന്നു. സിനിമാ ഷൂട്ടിംഗിന് ആവശ്യമായ മെറ്റീരിയൽസ് നിർമ്മാതാക്കൾ ആവശ്യപ്പെടുന്നതനുസരിച്ച് ലഭ്യമാക്കുന്നു. സിനിമ സംബന്ധമായ എല്ലാവിധ ശബ്ദലേഖനത്തിനും |

| | | | |
|---|---|---|---|
| | | | സൗകര്യം ഒരുക്കി കൊടുക്കുന്നു. സൗണ്ട് ഡിജിറ്റൽ എഡിറ്റിംഗിനുള്ള Avid എഡിറ്റിംഗ് സ്റ്റുഡിയോ സജ്ജമാണ്. ടേപ്പ് ട്രാൻസ്ഫറിനും റിക്കോർഡിംഗിനുമുള്ള ഡി.വി.ക്യാം റെക്കോർഡർ ഉണ്ട്. ഫൈനൽ നെഗറ്റീവ് കട്ടിംഗിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കലാഭവൻ ഡിജിറ്റൽ സ്റ്റുഡിയോയും ലഭ്യമാണ്. |
| (സി) | ചിത്രാഞ്ജലിയിൽ ചിത്രീകരിക്കുന്ന സിനിമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; | (സി) | 2 ലക്ഷം രൂപ അഡ്വാൻസ് നൽകുന്ന നിർമ്മാതാക്കൾക്ക് ചലച്ചിത്ര നിർമ്മാണത്തിന് ആവശ്യമായ എല്ലാ സാങ്കേതിക സൗകര്യങ്ങളും സ്റ്റുഡിയോ സൗകര്യങ്ങളും 150 ദിവസം വരെയുള്ള കാലാവധിക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ നൽകുന്നുണ്ട്. കൂടാതെ ക്രെഡിറ്റ് കാർഡ് പദ്ധതി, ചിത്രാഞ്ജലി പ്ലസ് പദ്ധതി, ചിത്രാഞ്ജലി സൂപ്പർ പ്ലസ് പദ്ധതി, എന്നീ സൗകര്യങ്ങൾക്ക് പുറമേ ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗിച്ച് നിർമ്മിക്കുന്ന ചലച്ചിത്രങ്ങൾക്ക് 4 ലക്ഷം രൂപ സബ്സിഡിയും നൽകുന്നു. ഇതിനു പുറമേ സംസ്ഥാന/കേന്ദ്ര സർക്കാരുകളുടെ അവാർഡുകൾ നേടുന്ന മലയാള ചിത്രങ്ങൾക്ക് സബ്സിഡി തുകക്കു പുറമേ രണ്ടു ലക്ഷം രൂപ സാമ്പത്തിക സഹായം കൂടി സർക്കാർ നൽകുന്നു. ചിത്രാഞ്ജലിയിലെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കൊമേഴ്സ്യൽ ചിത്രങ്ങൾക്ക് കോർപ്പറേഷൻ തീയേറ്ററുകളിൽ റിലീസ് ചെയ്യുമെന്ന ഉറപ്പിൻമേൽ നിശ്ചിത കാലാവധിക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ റിലീസ് പ്രിന്റുകൾ എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്റ്റുഡിയോയിൽ ഡി.ടി.എസ് ശബ്ദമിശ്രണ സംവിധാനം ഏർപ്പെടുത്തിയതു മൂലം ചിത്രീകരണച്ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | ഡി.ടി.എസ് ശബ്ദമിശ്രണ സംവിധാനം നിലവിൽ വന്നതോടെ ചലച്ചിത്ര നിർമ്മാതാക്കൾക്ക് ചിത്രീകരണ ചെലവിൽ വൻ കുറവ് വന്നിട്ടുണ്ട്. |
| (ഇ) | സിനിമാ നിർമ്മാണവുമായി ബന്ധപ്പെട്ട കൂടുതൽ ആധുനിക സൗകര്യങ്ങൾ ഇവിടെ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | സിനിമാ നിർമ്മാണവുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നം. 551 — 26.03.2010-ൽ മറുപടിക്ക്.

## കാർഷിക മേഖലയിലെ ഗവേഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. എം.മാണി | ശ്രീ.മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| എ) കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി കാർഷിക മേഖലയിൽ ഏതെല്ലാം വിഷയങ്ങളെപ്പറ്റി ഗവേഷണം നടത്തുന്നുണ്ട്; | എ) കേരളത്തിലെ വിവിധ പ്രദേശങ്ങൾക്കനുയോജ്യമായ വിവിധ വിളകളുടെ അത്യുൽപ്പാദന ശേഷിയുള്ളതോ രോഗ കീട പ്രതിരോധ ശേഷിയോ മറ്റു പ്രത്യേക ഗുണങ്ങളോ ഉള്ള ഇനങ്ങളുടെ ഉരുത്തിരിച്ചെടുക്കൽ , വിള പരിപാലനം, രോഗകീട നിയന്ത്രണം, ഉൽപ്പന്ന സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ഔഷധ സസ്യങ്ങളുടെ ഗുണനിലവാരം, കാർഷിക യന്ത്രവൽക്കരണം, ജൈവ വളങ്ങൾ, ജൈവരോഗകീട നിയന്ത്രണ മാർഗ്ഗങ്ങൾ, ബയോടെക്നോളജി, കൃഷി സമ്പ്രദായം, സംരക്ഷിത കൃഷി, കൂൺകൃഷി, മൃഗ പരിപാലനം, മൃഗങ്ങളിലെ രോഗകീട നിയന്ത്രണം, അത്യുൽപ്പാദന ശേഷിയുള്ള കോഴി, പന്നി, എന്നിവയുടെ ഉരുത്തിരിച്ചെടുക്കൽ, പാലുൽപ്പന്നങ്ങൾ, ഇറച്ചി സംസ്കരണം, കൃത്രിമ മൽസ്യ കുഞ്ഞ് ഉൽപ്പാദനം, സംയോജിത കൃഷി എന്നീ മേഖലകളിലാണ് കേരള കാർഷിക സർവ്വകലാശാലയിൽ ഗവേഷണം നടത്തുന്നത്. |

| | |
|---|---|
| ബി) ഈ ഗവേഷണങ്ങൾ ഏതെങ്കിലും സ്ഥാപനങ്ങളുമായി സഹകരിച്ചാണോ നടത്തുന്നത്; എങ്കിൽ അവ ഏതെല്ലാമാണ്; | ബി) ഐ.സി.എ.ആർ.( Indian Council of AgriculturalResearch), എൻ.എ.ഐ പി. (National Agricultural . Innovation Project), ഡി.എസ്.റ്റി. (Department of Science and Technology), ഡി.ബി.റ്റി. (Department of Bio Technology), വെസ്റ്റേൺ ഗട്ട് സെൽ, എ.എച്ച്.എ.ഡി.എസ്. (Attappady Hill Area Development Society), ഐ.സി.എസ്.എസ്.ആർ. (Indian Council of Social Science Research), ഡിപ്പാർട്ട്മെൻറ് ഓഫ് അഗ്രികൾച്ചർ ആൻറ് കോ-ഓപ്പറേഷൻ ഡയറക്ടറേറ്റ് ഓഫ് കോക്കനട്ട്, അരക്കനട്ട് ആൻറ് സ്പൈസസ്, ബി.എ.ആർ.സി .(Bhabha Atomic Research Centre), ബി.ആർ.എൻ.എസ്. (Board of Research on Nuclear Sciences), Fisheries (Government of Kerala), എൻ.എച്ച്.ബി.( National Horticulture Board),International Foundation for Science, എൻ.എ.ബി.എ.ആർ.ഡി. (National Bank for Agriculture and Rural Development), മിനിസ്ട്രി ഓഫ് ഹെൽത്ത് ആൻറ് ഫാമിലി വെൽഫയർ, കെ.എസ്.സി.എസ്.റ്റി.ഇ. (Kerala State Council for Science Technology and Environment), കെ.എഫ്.ഡി. (Kerala Forest Department), എ.എച്.ഡി. (Animal Husbandry Department), ഐ.എസ്.ആർ.ഒ. (Indain Space Research Organization), എൻ.എച്ച്.എം. (National Horticulture Mission), എസ്.എച്ച്.എം. (State Horticulture Mission), ആർ.കെ.വി.വൈ. (Rashtriya Krishi Vikas Yojana), എന്നിവയിൽനിന്ന് ലഭിച്ച സാമ്പത്തിക സഹായത്തോടെ ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| സി) അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും കാർഷിക വിളകളും ഉൽപ്പാദിപ്പിക്കുന്നതിന് ഏതെല്ലാം ഗവേഷണങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളത്; | സി) | ഗവേഷണങ്ങളുടെ ഫലമായി 271 പുതിയ വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഇവയ്ക്ക് ആവശ്യമായ പരിചരണ മുറകൾ, രോഗ കീട നിയന്ത്രണം, സംസ്കരണം, മൂല്യവർദ്ധന എന്നിവയ്ക്കുവേണ്ടിയുള്ള ശുപാർശ കർഷകർക്ക് നൽകികൊണ്ടിരിക്കുകയാണ്. |
| ഡി) അവയിൽ ഏതെല്ലാം പൂർത്തിയായെന്നും ഏതെല്ലാം ഗവേഷണ ഫലങ്ങൾ കർഷകരിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കുമോ;<br><br>ഇ) അവയുടെ വിശദാംശം വ്യക്തമാക്കുമോ; | ഡി) & ഇ) | കാർഷിക സർവ്വകലാശാലയിലെ എല്ലാ ഗവേഷണ ഫലങ്ങളും കർഷകരിൽ എത്തിക്കുന്നതിനുള്ള പരമാവധി ശ്രമങ്ങൾ നടത്തി വരുന്നു. കൃഷി വകുപ്പ്, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കർഷക പരിശീലന പരിപാടി, പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ വഴി കർഷകർക്കു വേണ്ട ഉപദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നേരിട്ടു നൽകി വരുന്നുണ്ട്. |
| എഫ്) കഴിഞ്ഞിട്ടില്ലെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ? | എഫ്) | പല ഗവേഷണ പദ്ധതികളും ഉദ്ദേശ ലക്ഷ്യമെത്തുന്നതിന് തുടർ ഗവേഷണം ആവശ്യമാണ്. അത്തരം ഗവേഷണ പദ്ധതികൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 552** **26-03-2010- ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ ആഭ്യന്തര തേനുല്പാദനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജോസഫ് എം. പുതുശ്ശേരി :<br>ശ്രീ. റോഷി അഗസ്റ്റിൻ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ആഭ്യന്തര തേനുല്പാദനം പ്രതിവർഷം എത്ര ; അതിൽ വൻതേൻ, ചെറുതേൻ എന്നിവ എത്ര വീതം ; ഇവയുടെ ആഭ്യന്തര വിപണി, വിദേശ വിപണി എന്നിവ എങ്ങനെയെന്നും വിശദമാക്കുമോ ; | (എ) | ആഭ്യന്തര തേനുല്പാദനത്തിന്റെ കണക്കുകൾ പല ഏജൻസികളിൽ നിന്നും ശേഖരിച്ചുവരുന്നു. വിവരം ശേഖരിച്ചു നല്കുന്നതാണ്. |
| ബി) | ഏതൊക്കെയിനം തേനീച്ചകളാണ് കേരളത്തിൽ ധാരാളമായുള്ളത് ; | (ബി) | പെരുന്തേനീച്ച, കോൽതേനീച്ച, ഇറ്റാലിയൻ തേനീച്ച (വിദേശി), ഇൻഡ്യൻ തേനീച്ച, ചെറുതേനീച്ച. |
| സി) | ശാസ്ത്രീയമായ തേനീച്ച പരിപാലനത്തിൽ ഏതൊക്കെയിനങ്ങളെയാണ് ശുപാർശചെയ്യുന്നത് ; എന്തൊക്കെയാണ് ഇവയുടെ സവിശേഷതകൾ ; | (സി) | ഇൻഡ്യൻ തേനീച്ചകളെയാണ് ശുപാർശ ചെയ്യുന്നത്. ഇതിന്റെ പ്രത്യേകത വർഷങ്ങളായി പ്രകൃതിയുമായി ഇഴുകി ചേർന്നതും മിക്ക കാർഷിക വിളകളിലും സന്ദർശിച്ച് പൂമ്പൊടിയും തേനും സംഭരിക്കുക വഴി പരാഗണം ഉറപ്പുവരുത്തി ഭക്ഷ്യ സുരക്ഷ കൈവരിക്കുവാൻ സഹായിക്കുന്ന ഇനമാണ്. ഒരു തേനീച്ച കോളനിയിൽ നിന്നും പ്രതിവർഷം 10 കിലോഗ്രാം മുതൽ 15 കിലോഗ്രാം വരെ ശരാശരി തേൻ ലഭിക്കും. വളർച്ചാകാലത്ത് ഒരു ഇൻഡ്യൻ തേനീച്ച കോളനിയെ വിഭജിച്ചാൽ മൂന്നോ നാലോ കോളനിയാക്കാം. ഒരു തേനീച്ച കൂട്ടിൽ നിന്നും 1 കിലോ മുതൽ 1.5 കിലോ വരെ തേൻ മെഴുക് ലഭിക്കും |
| ഡി) | തേനീച്ചകർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത് ; തേനീച്ച, കൂട് എന്നിവ സൗജന്യമായോ, മിതമായ വിലയ്ക്കോ കർഷകർക്ക് ലഭ്യമാക്കുന്നുണ്ടോ ; വിശദമാക്കുമോ ? | (ഡി) | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ കാർഷികോത്പാദനക്ഷമതക്ക് തേനീച്ച വളർത്തൽ പദ്ധതി പ്രകാരം താത്പര്യമുള്ള കർഷകർക്ക് തേനീച്ച കൃഷിയിൽ ശാസ്ത്രീയ പരിശീലനം സൗജന്യമായി നൽകുന്നു. തേനീച്ച കോളനികളും തേനീച്ചപ്പെട്ടിയും 50% സബ്സിഡി വ്യവസ്ഥയിൽ വിതരണം ചെയ്യുന്നു. അനുബന്ധ ഉപകരണങ്ങളായ സ്മോക്കർ, വെയിൽ, എക്സ്ട്രാക്റ്റർ തുടങ്ങിയവയും ഇപ്രകാരം സബ്സിഡിയോടു കൂടി അംഗീകൃത ബ്രീഡർമാർ മുഖേന വിതരണം നടത്തുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 553 — 26–03–2010–ലെ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പ് ത്രിതല പഞ്ചായത്തുകളിൽ നിന്നും ഏറ്റെടുത്ത റോഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. അനിരുദ്ധൻ :<br>" മാങ്കോട് രാധാകൃഷ്ണൻ:<br>" ബാബു പോൾ :<br>" എ.കെ. ചന്ദ്രൻ:<br>" പള്ളിപ്രം ബാലൻ: | ശ്രീ. പി.ജെ. ജോസഫ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ) ഈ വർഷം ത്രിതല പഞ്ചായത്തുകൾ ചുമതല നിർവ്വഹിച്ചിരുന്ന എത്ര കിലോമീറ്റർ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തെന്ന് വെളിപ്പെടുത്തുമോ; | (എ) ഈ വർഷം ത്രിതല പഞ്ചായത്തുകൾ ചുമതല വഹിച്ചിരുന്ന റോഡുകളൊന്നും തന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല..എന്നാൽ പൊതു പ്രാധാന്യമുള്ള 7385 കി.മീ റോഡുകൾ ജി.ഒ.(എം.എസ്) 52/09 പൊ.മ.വ തീയതി 14-8-09 പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) ഏറ്റെടുത്ത റോഡുകളിൽ എന്തെങ്കിലും ജോലികൾ പൊതുമരാമത്ത് വകുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ പണി നടത്തി; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി)&(സി) പ്രസ്തുത റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഗസറ്റ് വിജ്ഞാപനം ഉൾപ്പെടെയുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. എങ്കിലും ഫണ്ടിന്റെ ലഭ്യതയും സ്ഥലത്തിന്റെ പ്രാധാന്യവും കണ |

| | |
|---|---|
| (സി) ത്രിതല പഞ്ചായത്തിൽ നിന്നും ഏറ്റെടുത്ത പല റോഡുകളും സഞ്ചാരയോഗ്യമല്ലാതായി തീർന്നിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്നത്തേക്ക് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | ക്കിലെടുത്ത് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 554

26.03.2010 - ൽ മറുപടിയ്ക്ക്

## കൃഷിഭവന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീ. എ. എം. ആരിഫ്:<br>ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:<br>ശ്രീമതി. കെ.കെ. ലതിക: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) കൃഷിഭവന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കൃഷിഭവന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിജ്ഞാന വ്യാപന ശാക്തീകരണം പദ്ധതി പ്രകാരം കർഷകോപകാരപ്രദമായ ജില്ലാതല സെമിനാറുകൾ, കർഷക ദിനാചരണം, കാർഷിക സമിതി മീറ്റിങ്ങുകൾ, നാട്ടുകൂട്ടം. പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നുണ്ട് ഇവ നടത്തുവാനായി 62•697 ലക്ഷം രൂപ 28.2.2010 വരെ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി ആരംഭിച്ച ആത്മ പദ്ധതിയും കൃഷിഭവന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്നു. കാർഷിക മേഖലയിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി പദ്ധതി ചെലവിന്റെ 90% കേന്ദ്ര സർക്കാർ വഹിക്കുന്ന വിധം ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് ആത്മ എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന സപ്പോർട്ട് റ്റു സ്റ്റേറ്റ് എക്സ്റ്റെൻഷൻ റിഫോംസ്. കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനും കാർഷിക മേഖലയുടെ പുരോഗതിക്കും ഉതകുന്നവിധം കാർഷികമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകളുടെയും കാർഷിക സർവകലാശാലകളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും ഈ മേഖലയിൽ നടക്കുന്ന ശാസ്ത്ര പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളുടെയും ഏകോപനവും അവയുമായി ബന്ധപെട്ട വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുമാണ് ആത്മയിലൂടെ ലക്ഷ്യമിടുന്നത്. കർഷകർക്കായി പരിശീലന പരിപാടികൾ പ്രദർശനത്തോട്ടങ്ങൾ, കാർഷികാനുബന്ധ മേഖലയിലെ പ്രദർശന യൂണിറ്റുകളും പ്രദർശന പഠനയാത്രകൾ, കർഷക/ഉൽപാദന/ഉല്പന്ന ഗ്രൂപ്പുകളുടെ രൂപീകരണവും ശാക്തീകരണവും കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കുമുള്ള അവാർഡുകളും മറ്റു പ്രോത്സാഹന സമ്മാനങ്ങളും, ജില്ലാതല പ്രദർശനമേളകൾ, ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ ഉപയോഗിച്ചുള്ള വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ കർഷകരും ശാസ്ത്രജ്ഞരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്നുള്ള ശില്പശാല ബ്ളോക്കുതലത്തിൽ ഫാം ഇൻഫർമേഷൻ അഡ്വൈസറി സെന്ററുകളുടെ രൂപീകരണം, മികച്ച കർഷക |

രുടെ കൃഷിയിടങ്ങളിൽ ഫാം സ്കൂൾ നടപ്പിലാക്കൽ എന്നിവ യ്ക്കായ് കേന്ദ്ര സർക്കാർ പ്രത്യേകമായി അംഗീകരിച്ചിട്ടുള്ള തോതിന്റെ 90% സാമ്പത്തിക സഹായം നൽകുന്നു; ( വിശദീകരണ കുറിപ്പ് കണ്ടാലും) ഇതേവരെയായി കേന്ദ്ര സർക്കാരിൽ നിന്നും ഈ പദ്ധതിക്കായി ലഭിച്ച തുകയുടെയും വിനിയോഗിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കേന്ദ്ര വിഹിതം രൂ (ലക്ഷം) | സംസ്ഥാന വിഹിതം രൂ (ലക്ഷം) | ചെലവഴിച്ച തുക രൂ (ലക്ഷം) |
|---|---|---|---|
| 2005 - 06 | 80 | – | 0.4689 |
| 06 - 07 | 117 | – | 6.47 |
| 07 - 08 | 125 | 22.11 | 33.535 |
| 08 - 09 | 470 | 118.44 | 325.63 |
| 09 - 2010 (നാളിതു വരെ) | 243.27 | 50 | 671.65 |

കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ തലവൻ / റീജിയണൽ അസോസിയേറ്റ് ഡയറക്ടർ, കേരള കാർഷിക സർവ്വകലാശാല-മെമ്പർ

ജില്ലാ പഞ്ചായത്തിന്റെ പ്രതിനിധി - മെമ്പർ

ജില്ലാ മണ്ണു സംരക്ഷണ ആഫീസർ - മെമ്പർ

ജില്ലയിലെ പ്രധാന വിളകൾ കൃഷി ചെയ്യുന്ന കർഷക പ്രതിനിധികൾ - മെമ്പർ

ഒരു ലൈവ് സ്റ്റോക്ക് ഉദ് പാദകൻ - മെമ്പർ

ഒരു വനിത കർഷക - മെമ്പർ

ഒരു പട്ടികജാതി / പട്ടിക വർഗ്ഗ കർഷകൻ - മെമ്പർ

ജില്ലാ കൃഷി ആഫീസർ - മെമ്പർ സെക്രട്ടറി

(ബി) കൃഷിഭവൻ മുഖേന കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്;

(ബി) സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികളും, ത്രിതല പഞ്ചായത്ത് മുഖേനയുള്ള കാർഷിക പദ്ധതികളും കൃഷിഭവൻ മുഖേന നടപ്പിലാക്കുന്നു. കൃഷിക്കാർക്ക് സർക്കാർ നൽകിവരുന്ന ധനസഹായം യഥാസമയം കൃഷിഭവൻ മുഖേന കർഷകരിൽ എത്തിക്കുന്നത് കൃഷിഭവനാണ്. പ്രകൃതിക്ഷോഭം മൂലം കൃഷിയിടങ്ങളിലുണ്ടാകുന്ന നാശനഷ്ടങ്ങൾ സ്ഥല പരിശോധന നടത്തി സ്ഥിതി വിവരക്കണക്കുകൾ സർക്കാരിനെ അറിയിക്കുകയും, നഷ്ടപരിഹാരം ലഭ്യമാക്കുകയും ചെയ്യുന്നു. കൃഷിക്ക് ആവശ്യമായ വിവിധ ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുകയും കർഷകർക്ക് വിവിധ വിഷയങ്ങളെ ആസ്പദമാക്കി ചർച്ചാക്ലാസുകൾ, മേളകൾ, സെമിനാറുകൾ എന്നിവ കൃഷിഭവൻ തലത്തിൽ നടത്തിവരുന്നു. കൃഷിക്കാർക്ക് ആവശ്യം വേണ്ട ഉല്പാദനോ

പാധികൾ യഥാസമയം ലഭ്യമാക്കുന്നതിന് കൃഷി ഭവൻ തല ത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (സി) കാർഷിക ഉപദേശക സമിതികൾ പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 77/07/കൃഷി തീയതി 15.5.07 പ്രകാരം കൃഷിഭവൻതല കാർഷിക വികസന സമിതിയും, ജില്ലാതല കാർഷിക വികസന സമിതിയും പുനഃ സംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) കൃഷിവകുപ്പ് ആവിഷ്കരിക്കുന്ന പദ്ധതികളിൽ കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ കൃഷിഭവന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവൽക്കരിക്കുമോ; | (ഡി) കൃഷിവകുപ്പ് ആവിഷ് ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികളിൽ കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. ഇതിനായി കൃഷിഭവൻതല കാർഷിക വികസന സമിതിയിലും ജില്ലാതല കാർഷിക വികസന സമിതിയിലും വിശദമായി ചർച്ച ചെയ്യുകയും, ഗുണഭോക്താക്കളെ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ സെമിനാറുകൾ, ചർച്ചാ ക്ളാസ്സുകൾ, മുഖാമുഖം പരിപാടികൾ പരിശീലന പരിപാടികൾ ഇവയിൽ പഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും അഭിപ്രായ സമന്വയത്തിൽ എത്തുകയും ചെയ്യുന്നു. കാർഷിക അദാലത്തുകൾ, കർഷക സംഗമങ്ങൾ, നാട്ടുകൂട്ടങ്ങൾ എന്നിവ ജനപങ്കാളിത്തം ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. |
| (ഇ) കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നേടിക്കൊടുക്കുന്നതിന് കൃഷി ഭവനുകൾ ജാഗ്രത പുലർത്താൻ നടപടി സ്വീകരിക്കുമോ; | (ഇ) കൃഷിഭവനുകൾ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട് |
| (എഫ്) കൂടുതൽ കൃഷിഭവനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) പഞ്ചായത്തുകൾ വിഭജിക്കപ്പെടുമ്പോഴും മറ്റും കൃഷി ഭവനുകൾ അനുവദിക്കാറുണ്ട്. സംസ്ഥാനത്ത് 8 ഗ്രാമപഞ്ചായത്തുകൾ പുതുതായി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവുണ്ടാകുകയും പഞ്ചായത്തുകളിൽ 29.12.08 ലെ ജി.ഒ. (എം.എസ്) നം. 221/08/എഡി പ്രകാരം പുതുതായി കൃഷി ഭവൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുമ്മിൾ, ചിറക്കര കോട്ടയം ജില്ലയിലെ കോരുത്തോട്, ഇടുക്കി ജില്ലയിലെ ദേവികുളം, പാലക്കാട് ജില്ലയിലെ തെൻകര, മലപ്പുറം ജില്ലയിലെ കാലടി, മുതുവല്ലൂർ, കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ എന്നിവിടങ്ങളിൽ പുതുതായി 8 കൃഷി ഭവനുകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ വയ്ക്കാം.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 555 — 26-03-2010-ൽ മറുപടിക്ക്

## ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം:<br>" കെ.വി.അബ്ദുൾ ഖാദർ:<br>" ആനത്തലവട്ടം ആനന്ദൻ:<br>" എം.ഹംസ:<br>" സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) കഴിഞ്ഞ മൂന്നുവർഷ കാലയളവിൽ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ നവീകരണത്തിന് സ്വീകരിച്ച പ്രധാന നടപടികൾ താഴെപ്പറയുന്നവയാണ്.<br>1. ഐ.എച്ച്.ആർ.ഡി.യുടെ സഹകരണത്തിൽ ഒരു ഹാം റേഡിയോ സ്റ്റേഷൻ സ്ഥാപിച്ചു.<br>2. സി.വി.രാമൻ സെന്റർ ഫോർ ബെയ്സിക് അസ്ട്രോണമി സ്ഥാപിച്ചു. ജ്യോതിശാസ്ത്രത്തിൽ ഉള്ള ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നു.<br>3. സ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്താൻ ടാലന്റ് ഡെവലപ്മെന്റ് പ്രോഗ്രാം നടത്തുന്നു.<br>4. ത്രിമാന തിയറ്റർ ആധുനീകരിച്ചു.<br>5. ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ, പ്രായോഗിക ക്ഷമതയിൽ ഊന്നൽ നൽകിക്കൊണ്ട് സമ്മർ വെക്കേഷൻ ക്ലാസുകൾ നടത്തുന്നു.<br>6. മൂന്ന് പുതിയ പ്ലാനറ്റേറിയം പ്രദർശനപരിപാടികൾ സ്വന്തമായി തയാറാക്കുകയും ഒരെണ്ണം വാങ്ങുകയും ചെയ്തു.<br>7. പ്രപഞ്ച അത്ഭുതങ്ങൾ നേരിട്ട് കാണുന്നതിനായി 11 ഇഞ്ച് സെലസ്ട്രോൺ ടെലസ്കോപ്പ് സ്ഥാപിച്ചു. കൂടാതെ 6 ഇഞ്ച് ന്യൂട്ടോണിയൻ ടെലസ്കോപ്പ്, 2 ബൈനോക്കുലറുകൾ, ആസ്ട്രോഫോട്ടോഗ്രാഫിക്കുവേണ്ട സി.സി.ഡി.ക്യാമറ മുതലായവ വാങ്ങിച്ചു.<br>8. സഞ്ചരിക്കുന്ന വാനനിരീക്ഷണശാല സ്ഥാപിച്ചു. |

| | |
|---|---|
| | 9. സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി. കൂടാതെ സൺഡയൽ എന്ന എക്സിബിറ്റ് സ്ഥാപിച്ചു. ആംഫി തിയറ്റർ നിർമ്മാണം പൂർത്തിയായി.<br>10. അമ്പലപ്പുഴയിൽ മേഖലാ ശാസ്ത്രകേന്ദ്രം സ്ഥാപിക്കുന്നതിനായി നടപടികൾ ആരംഭിച്ചു.<br>11. ശാസ്ത്രമ്യൂസിയത്തിന്റെ എല്ലാ ഘടകങ്ങളുമടങ്ങിയ ഒരു സയൻസ് സിറ്റി സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചു. |
| ബി) പ്രസ്തുത മ്യൂസിയം കൂടുതൽ വൈവിധ്യവൽക്കരിക്കുന്നതിനും ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) നാഷണൽ കൗൺസിൽ ഫോർ സയൻസ് മ്യൂസിയം, ഐ.യു.സി.എ.എ., ഐ.എസ്.ആർ.ഓ., ഐ.ഐ.എസ്.ടി., വിജ്ഞാൻ പ്രസാർ, ഐ.ഐ.എസ്.ഇ.ആർ, മുതലായ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളുമായി സഹകരിച്ച് നിരവധി പ്രോഗ്രാമുകളും പ്രോജക്ടുകളും സംഘടിപ്പിച്ചതിന്റെ ഫലമായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ദേശീയ നിലവാരത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. ഐ.എസ്.ആർ.ഒ.യുടെ സഹായത്തോടെ 50 ലക്ഷം രൂപ ചെലവിൽ സ്പേസ് ഗാലറിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ അസ്ട്രോണമി ആന്റ് ആസ്ട്രോ ഫിസിക്സ് (ഐ.യു.സി.എ.എ) - മായി സഹകരിച്ച് സയന്റിഫിക് ടോയ്സ് കോർണർ സ്ഥാപിച്ചു. യുവസന്ദർശകർക്ക് വിനോദംവഴി ശാസ്ത്രസന്ദേശം നൽകുന്നത് ലക്ഷ്യമാക്കി ഒരു 'മോഷൻ സിമുലേറ്റർ' അഥവാ 'ത്രില്ലേറിയം' സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| സി) കുട്ടികളിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | സി) കുട്ടികൾക്ക് ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ഹൈസ്കൂൾ തലത്തിലെ വിദ്യാർത്ഥികൾക്കായി നടപ്പിൽ വരുത്തിയ ഇൻകൾകെയ്റ്റ് സ്കോളർഷിപ്പ് സ്കീം. |

| | |
|---|---|
| ഡി) പ്രസ്തുത മ്യൂസിയത്തിന് ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ഡി) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് ഉപകേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതിയുണ്ട്., ചാലക്കുടിയിലും അമ്പലപ്പുഴയിലും മേഖലാ ശാസ്ത്ര കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഇ) 2009 അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷമായി ആചരിച്ചതിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികൾ എന്തെല്ലാമാണെന്നറിയിക്കുമോ? | ഇ) അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷാചരണത്തിന്റെ ഭാഗമായി നിരവധി സെമിനാറുകളും, ക്ലാസുകളും സംഘടിപ്പിച്ചു. കൂടാതെ വാനനിരീക്ഷണത്തിനുള്ള സംവിധാനങ്ങൾ മ്യൂസിയത്തിൽ സ്ഥാപിച്ചു. ജ്യോതിശാസ്ത്ര മേഖലയെ ആസ്പദമാക്കി രൂപകല്പന ചെയ്ത എക്സിബിറ്റുകൾ ഉൾക്കൊള്ളുന്ന സഞ്ചരിക്കുന്ന ഒരു ശാസ്ത്രപ്രദർശന യൂണിറ്റും ആസ്ട്രോവാനും രൂപകല്പന ചെയ്ത് പ്രവർത്തന സജ്ജമാക്കിവരുന്നു.<br>കൂടാതെ 2010 ജനുവരി 15-ലെ സൂര്യഗ്രഹണ നിരീക്ഷണത്തിനായി നിരവധി സോളാർ ഫിൽറ്ററുകളും സോളാർ സ്കോപ്പുകളും പൊതുജനങ്ങൾക്കായി കനകക്കുന്ന് കൊട്ടാരവളപ്പിൽ സജ്ജമാക്കി. നാഷണൽ സയൻസ് കോൺഗ്രസ്സിൽ ജ്യോതിശാസ്ത്ര മേഖലയെ ആസ്പദമാക്കി അത്യാകർഷകമായ ഒരു പവലിയൻ സജ്ജമാക്കി. കാസർഗോഡ്, ഇടുക്കി, കോഴിക്കോട്, കൊല്ലം എന്നിവിടങ്ങളിൽ സി.വി.രാമൻ സെന്റർ ഫോർ ബെയ്സിക് ആസ്ട്രോണമിയുടെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 556. 26.03.2010-ൽ മറുപടിക്ക്.

## പൈതൃക സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി.അയിഷാ പോറ്റി :<br>ശ്രീ.അൽഫോൺസ് കണ്ണന്താനം :<br>ശ്രീമതി കെ.കെ. ലതിക :<br>ശ്രീ.കെ. കെ.ദിവാകരൻ<br>" സി.എച്ച്.കുഞ്ഞമ്പു : | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) പൈതൃക സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;<br><br>(ബി) എത്ര സ്കൂളുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (എ) & (ബി) കൂടുതൽ കുട്ടികൾ പഠിക്കുന്നതും കാലപ്പഴക്കം കൂടിയതുമായ അഞ്ച് സർക്കാർ സ്കൂളുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2007-2008 വർഷത്തിൽ തിരുവനന്തപുരം ഗവൺമെന്റ് മോഡൽ എച്ച്.എസ്.ഫോർ ബോയ്സിനെ തെരഞ്ഞെടുത്തുവെങ്കിലും യഥാസമയം പ്രോജക്ട് പ്രൊപ്പോസൽ ലഭിക്കാത്തതിനാൽ തുക കൈമാറാൻ കഴിഞ്ഞിട്ടില്ല. 2008-2009 വർഷം കോഴിക്കോട് ജി.വി.എച്ച്.എസ്സ്.എസ്സിനെയും 2009-2010 വർഷം കൊല്ലം, ചവറ ജി.വി.എച്ച്.എസ്സ്.എസ്സിനെയും തെരഞ്ഞെടുത്ത് തുക കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരം സ്കൂളുകൾക്ക് നൽകുന്ന സഹായം വ്യക്തമാക്കുമോ ; | (സി) | വിദ്യാലയങ്ങളുടെ പൈതൃകം സംരക്ഷിക്കുന്നതരത്തിൽ അവയുടെ അടിസ്ഥാന സൗകര്യവികസനത്തിനും അക്കാദമീയ മികവ് മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്കുമായി 2008-2009 വർഷം 25 ലക്ഷം രൂപയും 2009-2010 വർഷം 30 ലക്ഷം രൂപയും നല്കിയിട്ടുണ്ട്. |
| (ഡി) | പുതുതായി ഏതെങ്കിലും സ്കൂളുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം-557 26-3-2010 ൽ മറുപടിയ്ക്ക്.

അറബിക് സർവ്വകലാശാല

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പികെ. അബ്ദുറബ്ബ് :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അറബിക് സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ എന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 558      26/03/2010-ൽ മറുപടിക്ക്

### ദുരന്ത നിവാരണ യുവകർമ്മ സേന രൂപീകരിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ.ഇ.എസ്. ബിജിമോൾ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.കെ.രാജു | | ശ്രീ.കെ.പി. രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) വില്ലേജ് തലത്തിൽ ദുരന്ത നിവാരണയുവകർമ്മ സേന രൂപീകരിക്കാൻ തീരുമാനിച്ചിക്കുണ്ടോ; ഉണ്ടെങ്കിൽ ഈ സേന രൂപീകരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങളും ഘടനയും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വില്ലേജ് അടിസ്ഥാനത്തിൽ ദുരന്ത നിവാരണത്തിനായി യുവകർമ്മസേന രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് യുവജനക്ഷേമ ബോർഡുമായി ചർച്ച ചെയ്തിട്ടുണ്ട്. പ്രത്യേകമായ ഒരു പദ്ധതി ഇതിനായി തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) വില്ലേജിൽ സേനാംഗങ്ങളുടെ പരമാവധി എണ്ണം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് എന്തെല്ലാം തരത്തിലുളള പരിശീലനങ്ങളാണ് നൽകാൻ ഉദ്ദേശിച്ചിട്ടുളളതെന്ന് വിശദമാക്കുമോ;<br><br>(സി) ഈ സേനാംഗങ്ങൾക്ക് എന്തെങ്കിലും പ്രതിഫലം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (ബി) യും (സി) യും | പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരുകയാണ്. 2010 മെയ് മാസത്തോടെ സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും യുവ കർമ്മ സേനയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 559

26.03.2010- ൽ മറുപടി

## 13-ാം ധനകാര്യകമ്മീഷന് നൽകിയ നിവേദനം

**ചോദ്യം**

ശ്രീ. എ.സി.മൊയ്തീൻ :
ശ്രീ.വി.ചെന്താമരാക്ഷൻ:
ശ്രീ.ബാബു എം.പാലിശ്ശേരി
ശ്രീ.പി.ടി.എ.റഹീം
ശ്രീ.എ.എം.ആരിഫ്

എ) 13-ാം ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

**മറുപടിയ്ക്ക്**

ശ്രീ. കെ. പി. രാജേന്ദ്രൻ
(റവന്യൂ വകുപ്പ് മന്ത്രി)

എ) വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണം, വില്ലേജ്/താലൂക്ക് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, ഫോട്ടോകോപ്പിയർ,ഫാക്സ് മെഷീൻ, സ്കാനർ എന്നിവയുടെ വാങ്ങൽ, ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം, സ്പെഷ്യൽ ട്രയിനിംഗ് പ്രോഗ്രാമുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ വികസനം, വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം, ഹെഡ് ക്വാർട്ടേഴ്സും സബ് ഓഫീസുകളുമായുള്ള നെറ്റ് വർക്കിംങ്, സിസ്റ്റം സ്റ്റഡി ആന്റ് സോഫ്റ്റ് വെയർ, ഇന്റീരിയർ മോഡ്യുലർ സീറ്റിംഗ് അറേഞ്ച് മെന്റ്/ കോൺഫറൻസ് ഹാൾ, പാരമ്പര്യ കെട്ടിട സമുച്ചയ സംരക്ഷണം, സംസ്ഥാനത്തെ റി സർവ്വെ നടപടികൾ, സർവ്വെ ഓഫീസുകളുടെ ആധുനിക വൽക്കരണം, ആധുനിക സർവ്വെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂമുകൾ ആനുവൽ മെയ്ന്റനൻസ് കോൺട്രാക്ട എന്നിവയ്ക്കായി 118.67 കോടി രൂപ ആവശ്യപ്പെട്ടിരുന്നു.

| | | | |
|---|---|---|---|
| ബി | ഈ ആവശ്യങ്ങളിൽ ഏതിനെല്ലാം കമ്മീഷൻ അനുകൂല ശുപാർശകൾ നൽകിയിട്ടുണ്ട് ; | ബി | അനുകൂല ശുപാർശകൾ ഒന്നും തന്നെ നൽകിയിട്ടില്ല. |
| സി | കടലാക്രമണം, ഇടിമിന്നൽ, വെള്ളക്കെട്ട് എന്നിവ പ്രകൃതി ദുരന്തങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടോ ; | സി | ദുരന്തങ്ങളുടെ പട്ടിക സംബന്ധിച്ച് നിലവിലുള്ള സ്ഥിതി തുടരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. |
| ഡി | ദുരിതാശ്വാസ നിധിയുടെ കോർപ്പസ് ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ വാർഷിക പദ്ധതിയുടെ 10% ആയി ഉയർത്തണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് കൂടുതൽ തുക ശുപാർശ ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ? | ഡി | ശുപാർശ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 560 — 26.3.2010 ൽ മറുപടിക്ക്.

മൃഗശാലകളുടെ വികസനത്തിനും നവീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ വി. ശിവൻകുട്ടി<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി). |
| (എ) മൃഗശാലകളുടെ വികസനത്തിനും നവീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) കുരങ്ങുകൾ, കരടികൾ, ആന, കാണ്ടാമൃഗം, നീർകുതിര, കാട്ടാട്, മാനുകൾ, കടുവ, സിംഹം, പുള്ളിപ്പുലി, സീബ്ര, ഒട്ടകപ്പക്ഷി എന്നിവയ്ക്ക് ആധുനിക രീതിയിലുള്ള പരിബന്ധനങ്ങൾ നിർമ്മിച്ചു കഴിഞ്ഞു. ജിറാഫ്, മിഥുൻ, പാമ്പുകൾ, ജലപക്ഷികൾ, മയിലുകൾ എന്നിവയുടെ പുതിയ വാസസ്ഥാനങ്ങളുടെ നിർമ്മാണവും പൂർത്തിയാക്കി. മുതലകൾ, കാട്ടുപോത്ത് എന്നിവയ്ക്കുള്ള പരിബന്ധനങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടുവയുടെ തുറന്ന പരിബന്ധനത്തിൽ ഒരു അനിമൽഹൗസ്, ആനയ്ക്ക് വേണ്ടിയുള്ള പുതിയ തുറന്ന വിശ്രമ സ്ഥലം എന്നിവയുടേയും പണികൾപുരോഗമിക്കുന്നു.<br>തിരുവനന്തപുരം മൃഗശാലയിലെ കുളങ്ങൾ, മാലിന്യങ്ങൾ നീക്കം ചെയ്തു |

പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മൃഗശാലയുടെ പുതിയ സ്റ്റോർറൂം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. തൃശൂർ മൃഗശാല ആധുനിക സൗകര്യങ്ങളോടെ പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന്റെ ആദ്യ നടപടിയായി പ്രസ്തുത സ്ഥലത്തിന്റെ ചുറ്റും സംരക്ഷണ മതിൽ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി. ഭൂമിയുടെ ഡിജിറ്റൽ സർവ്വെ നടത്തുകയും,മൃഗശാലയുടെ കരട് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളതു മാണ്. ആദ്യ ഘട്ടത്തിൽ തൃശ്ശൂർ മൃഗശാല മാറ്റി സ്ഥാപിക്കുന്നതിനായി പ്രസ്തുത സ്ഥലത്തുനിന്നും 80 ഏക്കർ സ്ഥലം തെരഞ്ഞെടുത്ത് വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മൃഗശാലകളുടെ വികസനത്തിനായി കേന്ദ്രമൃഗശാല അതോറിറ്റിയിൽനിന്നും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഉണ്ട്. പ്രധാനമായും വിവിധ ജീവി വർഗ്ഗങ്ങൾക്കുള്ള കൂടുകൾ, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണത്തിനും മൃഗശാലയിലെ ആശുപത്രിയുടെ പുനരുദ്ധാരണം എന്നീ പ്രവർത്തന ങ്ങൾക്കുമായി 1994 മുതൽ 2007 വരെയുള്ള കാലയളവിലാണ് കേന്ദ്ര മൃഗശാലാ അതോറിറ്റിയിൽനിന്നും ധനസഹായം ലഭിച്ചിട്ടുള്ളത്. ഈ കാലയളവിൽ 301.07 ലക്ഷം രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. ഓരോ ഇനത്തിനും അനുവദിക്കപ്പെട്ട തുക സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.

(സി) തിരുവനന്തപുരം മൃഗശാലയിൽ ഇപ്പോൾ നടക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) നിലവിലുള്ള ഒരു കുളവും, ഒരു തടാകവും നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. തടാകത്തിലും, കുളത്തിലുമുള്ള ചെളി പൂർണ്ണമായും മാറ്റിയതിന് ശേഷം ശുദ്ധജല സ്ത്രോതസ്സുകൾ അതിലേയ്ക്ക് തിരിച്ചുവിട്ട് ജലപക്ഷികളെ പാർപ്പിക്കാൻ ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| | | | പുതിയതായി വാങ്ങിയ വിദേശയിനത്തിൽപ്പെട്ട അപൂർവ്വ പക്ഷികളെ പാർപ്പിക്കുന്നതിന് അനുയോജ്യമായ പക്ഷിക്കൂടുകളുടെ നിർമ്മാണവും നടന്നു വരുന്നു. പക്ഷികൾക്ക് വിപുലമായ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടുള്ള പുതിയ കൂടുകൾ വീണ്ടും നിർമ്മിക്കാനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. |
| (ഡി) | മൃഗങ്ങളുടെയും പക്ഷികളുടെയും ചികിത്സയ്ക്കായി മെച്ചപ്പെട്ട സൗര്യങ്ങൾ ഏർപ്പെടുത്തുമോ; | (ഡി) | ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | പുതിയ ഇനം മൃഗങ്ങളെയും പക്ഷികളെയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | പുതിയതായി അപൂർവ്വയിനത്തിൽപ്പെട്ട 21 ഇനങ്ങളിലായി 40 ജോഡി വിദേശപക്ഷികളെ വാങ്ങിയിട്ടുണ്ട്. അതോടൊപ്പം കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ നിബന്ധനകൾക്ക് വിധേയമായി പുതിയയിനം ജീവികളെ കൊണ്ടുവരുന്നതിനും ആലോചിക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 561 26/03/2010-ൽ മറുപടിക്ക്

## എൻ.സി.സി.പരിശീലനം വ്യാപിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ. അരുന്ധതി:<br>ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.എ.എം.യൂസഫ്:<br>ശ്രീകെ.വി.അബ്ദുൾ ഖാദർ: | ശ്രീ.എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി). |
| എ) കേരളത്തിൽ എൻ.സി.സി. പരിശീലനം എത്ര സ്കൂളുകളിലും കോളേജുകളിലും നടപ്പാക്കിയിട്ടുണ്ട് എന്നറിയിക്കുമോ; | എ) 490 സ്കൂളുകളിലും 227 കോളേജുകളിലും എൻ.സി.സി. പരിശീലനം നടപ്പാക്കിയിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത് എൻ.സി.സി.യിലുള്ള ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം വെളിപ്പെടുത്തുമോ; | ബി) ആൺകുട്ടികൾ - 65951<br>പെൺകുട്ടികൾ - 8759 |
| സി) എൻ.സി.സി. പരിശീലനത്തിന്റെ ഭാഗമായി എന്തെല്ലാം പരിശീലന പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) എൻ.സി.സി. പരിശീലനത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>**സ്ഥാപനാധിഷ്ഠിതമായ പരിശീലനം**<br>പരേഡ്<br>ആയുധ പരിശീലനം<br>മാപ്പ് റീഡിംഗ്<br>ആരോഗ്യ ശുചീകരണ പരിശീലനം<br><br>**എൻ.സി.സി.ക്യാമ്പ്**<br>വാർഷിക പരിശീലനം<br>ദേശീയോദ്ഗ്രഥന ക്യാമ്പ്<br><br>**സാഹസിക പരിശീലന ക്യാമ്പ്**<br>ട്രെക്കിങ്ങ്<br>റോക്ക് ക്ലൈമ്പിങ്ങ്<br>പാരാസെയിലിങ്ങ്<br>സെയിലിങ്ങ് എക്സ്പെഡിഷൻ<br>സൈക്കിളിങ്ങ് എക്സപെഡിഷൻ<br>മൗണ്ടനേറിങ്ങ് എക്സ്പെഡിഷൻ |

⇨

| | | | |
|---|---|---|---|
| ഡി) | എന്തെല്ലാം സാമൂഹ്യക്ഷേമ പരിപാടികൾ എൻ.സി.സി. ഈ വർഷം ഏറ്റെടുത്തു എന്ന് വെളിപ്പെടുത്തുമോ; | ഡി) | സ്ത്രീധനത്തിന് എതിരെയുള്ള ബോധവൽക്കരണം,<br>ക്യാൻസർ രോഗത്തിന് എതിരെയുള്ള ബോധവൽക്കരണം,<br>ട്രാഫിക് ബോധവൽക്കരണം,<br>എയ്ഡ്സ് ബോധവൽക്കരണം,<br>രക്തദാന ക്യാമ്പ് സംഘടിപ്പിക്കൽ<br>വൃദ്ധസദനങ്ങൾ സന്ദർശിക്കൽ,<br>പട്ടിക വർഗ്ഗ കോളനികൾ സന്ദർശിക്കൽ,<br>തുടങ്ങിയ സാമൂഹ്യ ക്ഷേമ പരിപാടികൾ എൻ.സി.സി. ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. |
| ഇ) | ഉന്നത വിദ്യാഭ്യാസത്തിന് എൻ.സി.സി കേഡറ്റുകൾക്ക് പ്രത്യേക ക്വോട്ട അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ഇ) | മെഡിക്കൽ വിഭാഗത്തിന് 8-ഉം, എഞ്ചിനീയറിംഗ് വിഭാഗത്തിൽ 30 -ഉം പോളിടെക്നിക്ക് വിഭാഗത്തിന് 30 സീറ്റുകൾ വീതം സംവരണം ചെയ്തിരിക്കുന്നു. |
| എഫ്) | എൻ.സി.സി. കൂടുതൽ സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | എഫ്) | കൂടുതൽ സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും എൻ.സി.സി. വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അധികമായി ഒരു എയർവിംഗ് കൂടി എറണാകുളം കേന്ദ്രമാക്കി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 562** **26/03/2010-ൽ മറുപടിക്ക്**

## അധ്യാപക ശാക്തീകരണത്തിനായി നടപടികൾ

**ചോദ്യം**
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി.കെ. കെ. ശൈലജ ടീച്ചർ
ശ്രീ. പി. വിശ്വൻ
ശ്രീ.കെ. ടി. ജലീൽ

**ഉത്തരം**
ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | അധ്യാപക ശാക്തീകരണത്തിനായി പൊതു വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) | അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ്, എയിഡഡ് സ്കൂളുകളിലേയും അധ്യാപകർക്ക് മധ്യവേനൽ അവധിക്കാലത്ത് 5 ദിവസം വീതം പാഠപുസ്തകങ്ങളെ, പ്രത്യേകിച്ച് മാറിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി പരിശീലനം നൽകി. ഇതിലേയ്ക്ക് എസ്.സി.ഇ.ആർ.ടി മോഡ്യൂൾ തയ്യാറാക്കി കോർ എസ്.ആർ.ജി. (സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്) പരിശീലനം പൂർത്തിയാക്കി. തുടർന്ന് എസ്.ആർ.ജി, ഡി.ആർ.ജി (ഡിസ്ട്രിക്ട് റിസോഴ്സ് ഗ്രൂപ്പ്) പരിശീലനങ്ങൾ പൂർത്തിയാക്കുകയും മേയ് മാസത്തിൽ വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിനും അധ്യാപക പരിശീലനവും നടത്തി.<br>അധ്യാപക തുടർ പരിശീലനം പ്രൈമറി തലത്തിലും ഹൈസ്കൂൾ തലത്തിലും കാര്യക്ഷമമാക്കി. പരിശീലനത്തിനുള്ള മോഡ്യൂൾ മുൻകൂട്ടി തയ്യാറാക്കുകയും പരിശീലനത്തിന് മുമ്പ് പ്ലാനിംഗ് നടത്തുകയും ചെയ്തു. എസ്.ആർ.ജി, ഡി.ആർ.ജി പരിശീലനങ്ങൾ മുൻകൂട്ടി നടത്തിയാണ് മോഡ്യൂൾ തയ്യാറാക്കിയിരുന്നത്. തുടർ പരിശീലനം വഴി ഓരോ അധ്യാപകനും 7 ദിവസത്തിൽ കുറയാതെ പരിശീലനം ലഭിച്ചിട്ടുണ്ട്. ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന അവസരത്തിൽ സഹായം നൽകുന്നതിനായി തൽസ്ഥല പിന്തുണ സംവിധാനവും (OSS) പരിശീലനം നേടിയ റിസോഴ്സ് പേഴ്സൺസ് മാരുടെ നേതൃത്വത്തിൽ നൽകി വരുന്നുണ്ട്.<br>ഹയർസെക്കണ്ടറി വകുപ്പ് 2007-08, 2008-09, 2009-10 എന്നീ അക്കാദമിക് വർഷങ്ങളിൽ ഗവൺമെന്റ്, എയിഡഡ്, അൺഎയിഡഡ് ഹയർസെക്കണ്ടറി അധ്യാപകർക്കായി അതത് വിഷയങ്ങളിലും വിദ്യാഭ്യാസ മന:ശാസ്ത്രം, കൗമാര മന:ശാസ്ത്രം, വിദ്യാഭ്യാസ ശാസ്ത്രം എന്നീ |

| | | | |
|---|---|---|---|
| | | | വിഷയങ്ങളിലും സമഗ്രമായ പരിശീലനപരിപാടികൾ നടത്തിയിരുന്നു. പുതിയ പാഠ്യപദ്ധതി നിലവിൽ വന്ന 2007-08 അധ്യയനവർഷം അധ്യാപകർക്ക് നിരന്തര മൂല്യനിർണയത്തിനും ഉത്തരക്കടലാസിന്റെ മൂല്യ നിർണയത്തിനും ചോദ്യപേപ്പർ തയ്യാറാക്കുന്നതിനും സമഗ്രമായ പരിശീലനത്തിനായി ശിൽപശാലകൾ നടത്തിയിട്ടുണ്ട്.<br>വൊക്കേഷണൽ ഹയർസെക്കണ്ടറി അധ്യാപക ശാക്തീകരണത്തിനായി ഇതര സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. 2009-2010 വർഷം പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി അധ്യാപക പരിശീലനത്തിന് 79,95,000/- രൂപ വകയിരുത്തിയിരുന്നു. KITTS,C-DAC, SCERT കേരള കാർഷിക സർവ്വകലാശാല, റബ്ബർ ബോർഡ്, അപ്പാരൽ പാർക്ക് മുതലായ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിഷയാധിഷ്ഠിതമായി പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നോൺവൊക്കേഷണൽ അധ്യാപകർക്ക് ക്ലസ്റ്റർ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.<br>എസ്.എസ്.എ.യുടെ നേതൃത്വത്തിൽ അധ്യാപക ശാക്തീകരണത്തിനായി നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :<br>പ്രൈമറി ക്ലാസുകളിലെ അധ്യയന നിലവാരം ഉയർത്തുന്നതിനായി വിവിധ ഏജൻസികളായ ബ്രിട്ടീഷ് കൗൺസിൽ, ഇഗ്നോ, റീജണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, ബാംഗ്ലൂർ, റീജണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിന്ദി, മൈസൂർ എന്നിവയുടെ വിഭവ പിന്തുണയോടെ കൊല്ലം, കണ്ണൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി.<br>പ്രൈമറി തലം, സെക്കണ്ടറി തലം, ഹയർസെക്കണ്ടറി തലം എന്നിങ്ങനെ സംസ്ഥാനത്തെ മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകുന്ന പദ്ധതിയ്ക്കാണ് എസ്.സി.ഇ.ആർ.ടി. രൂപം നൽകിയിട്ടുള്ളത്. പ്രൈമറി തലത്തിലെ പരിശീലന പരിപാടിക്ക് പരിഷ്കരിച്ച മൂല്യനിർണ്ണയ പദ്ധതിയ്ക്കാണ് ഊന്നൽ നൽകുന്നത്. സെക്കണ്ടറി തലത്തിലെ പരിശീലനം പരിഷ്കരിച്ച് ഒമ്പതാം തരത്തിലെ പാഠപുസ്തകത്തിലെ ഉള്ളടക്കത്തിനും വിനിമയത്തിനും മൂല്യനിർണ്ണയത്തിനും അവസരം നൽകുന്നതാണ്. ഹയർ സെക്കന്ററി തലത്തിലും ഉള്ളടക്കത്തിന് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള പരിശീലനത്തിനാണ് അവസരം ഒരുക്കുന്നത്. ഒരു അധ്യയന വർഷത്തിൽ കുട്ടികൾക്ക് ലഭിക്കേണ്ട പഠനാനുഭവങ്ങളെ സമഗ്രമായി |

| | | | |
|---|---|---|---|
| | | | വിലയിരുത്തിക്കൊണ്ടാണ് എസ്.സി.ഇ.ആർ.ടി. അധ്യാപക ശാക്തീകരണ പരിപാടി തയാറാക്കുന്നത്. ഇതിനായി ഒരു വാർഷിക പരിശീലന പാക്കേജ് തയ്യാറാക്കുന്നു. ഈ പാക്കേജിനെ അടിസ്ഥാനമാക്കിയാണ് പരിശീലന ദിനങ്ങളും ഉള്ളടക്കവും നിശ്ചയിക്കുന്നത്. |
| ബി) | പ്രൈമറി മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള എല്ലാ അധ്യാപകർക്കും സമഗ്രമായ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | ശനിയാഴ്ചകളിലെ ക്ലസ്റ്റർ യോഗങ്ങൾ ഫലപ്രദമായി നടത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | സി) | 2008-2009 വർഷത്തിൽ ശനിയാഴ്ച ദിവസങ്ങളിൽ മാത്രമായിരുന്നു അധ്യാപക തുടർ പരിശീലനം (ക്ലസ്റ്റർ) നടത്തിയിരുന്നത്. എന്നാൽ 2009-2010 വർഷത്തിൽ വെള്ളി, ശനി ദിവസങ്ങളിലാണ് തുടർ പരിശീലനം നടത്തിയത്. ക്ലസ്റ്റർ പരിശീലനത്തിന്റെ ആദ്യഘട്ടത്തിൽ, ശനിയാഴ്ച ദിവസത്തെ പരിശീലനത്തോട് അധ്യാപകർ വിമുഖത കാട്ടിയെങ്കിലും പരിശീലനത്തിന്റെ ഗുണനിലവാരവും അതിന്റെ ആവശ്യകതയും അധ്യാപകർ തിരിച്ചറിയുകയും, സുഗമമായി ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം ഒഴിവാക്കാൻ കഴിയാത്തതാണ് എന്ന തിരിച്ചറിയലിന്റെ അടിസ്ഥാനത്തിൽ അധ്യാപകർ ശനിയാഴ്ച ദിവസത്തെ പരിശീലനത്തിൽ സഹകരിക്കുകയും, പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. നവംബർ മാസം മുതൽ നടന്ന തുടർ പരിശീലനത്തിൽ ഐ.ടി. അറ്റ് സ്കൂളിന്റെ സഹകരണത്തോടെ ഐ.റ്റിയുടെ സാധ്യതകൾ കൂടി ഉൾപ്പെടുത്തുകയും, അതുവഴി പരിശീലനങ്ങൾ ആകർഷകവും മികവുറ്റതുമാക്കിമാറ്റുകയുണ്ടായി. അതുകൊണ്ട് തന്നെ ശനിയാഴ്ച ദിവസങ്ങളിലെ പരിശീലനം ഫലപ്രദമായിരുന്നു.<br>2009-10ൽ ഹയർസെക്കണ്ടറി അധ്യാപകർക്ക് ഒരു ദിവസത്തെ ക്ലസ്റ്റർ പരിശീലനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. 2010 ജനുവരി മാസം 6,7 തീയതികളിൽ ജില്ലാടിസ്ഥാനത്തിൽ രണ്ടു ഘട്ടങ്ങളിലായി ഒരു ദിവസത്തെ തുടർ പരിശീലനം നൽകുകയുണ്ടായി.<br>ക്ലസ്റ്റർ യോഗങ്ങൾ ഫലപ്രദമായി നടത്തുന്നതിനുവേണ്ടിയാണ് ഒരു ദിവസത്തിനു പകരം രണ്ട് ദിവസമായി നടത്തിയത്. 2009-10 അധ്യയന വർഷത്തിൽ ജൂൺ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ അധ്യാപകർക്കായി ശനിയാഴ്ചകൂടി ഉൾപ്പെടുത്തി ദ്വിദിന ശാക്തീകരണ പരിപാടികൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിച്ചിരുന്നു. ഇവ ഫലപ്രദമായ രീതിയിൽ നടന്നിട്ടുണ്ട്. പ്രൈമറി വിഭാഗത്തിൽ എട്ട് ദിവസവും സെക്കണ്ടറി വിഭാഗത്തിൽ ഏഴ് മുതൽ ഒമ്പത് ദിവസം വരെയും വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ രണ്ടു ദിവസവും അധ്യാപക ശാക്തീകരണം നടന്നിട്ടുണ്ട്. |
| ഡി) | സ്പെഷ്യലിസ്റ്റ് അധ്യാപകർക്കുകൂടി പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ? | ഡി) | 2009-10 വർഷം മുതൽ സ്പെഷ്യലിസ്റ്റ് അധ്യാപകർക്കും പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 563** **26.3.2010 - ൽ മറുപടിയ്ക്ക്**

## സുനാമി പുനരധിവാസ പദ്ധതി

**ചോദ്യം**

ശ്രീ.എൻ. ശക്തൻ
ശ്രീ.ടി.എൻ. പ്രതാപൻ
ശ്രീ.വി.ഡി. സതീശൻ.

**മറുപടി**

ശ്രീ. കെ.പി. രാജേന്ദ്രൻ,
(റവന്യൂ വകുപ്പ് മന്ത്രി)

(എ) സുനാമിയിൽ പരുക്കേറ്റ എത്ര പേർ ഇന്നും അതിൽ നിന്നും മോചിതരാകാതെ കഴിയുന്നുവെന്ന് വിശദമാക്കുമോ ;

(എ) സുനാമിയിൽ പരിക്കേറ്റ് ഇപ്പോൾ ചികിത്സയിൽ കഴിയുന്നതായി ആരുംതന്നെ സംസ്ഥാനത്ത് ഇല്ല.

(ബി) ഇവരുടെ ചികിത്സ നടത്തുന്നതിനായി ഗവൺമെന്റ് ഇതുവരെ എന്തെല്ലാം ധനസഹായങ്ങൾ നൽകുകയുണ്ടായി ;

(ബി) സുനാമിയിൽ പരിക്കേറ്റവരുടെ ചികിത്സയ്ക്കായി രാജീവ്ഗാന്ധി പാക്കേജിലുൾപ്പെടുത്തി 76,94,250/ - രൂപ നൽകിയിട്ടുണ്ട്.

(സി) ഇവരുടെ ചികിത്സ സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കുമോ ;

(സി) സുനാമിയിൽ പരിക്കേൽക്കുകയും ചികിത്സയ്ക്കായി ജില്ലാ കളക്ടർമാർ ശുപാർശ ചെയ്യുകയും ചെയ്തിട്ടുള്ള മുഴുവൻ പേരുടെയും ചികിത്സയുടെ ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്.

(ഡി) സുനാമിയിൽ വീട് നഷ്ടപ്പെട്ട എത്ര പേർക്ക് ഇനി വീട് നിർമ്മിച്ചു നൽകാനുണ്ട്; ഇവർക്ക് വീട് നൽകുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; എന്നത്തേക്ക് മുഴുവൻ ആളുകൾക്കും വീട് നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ ?

(ഡി) കൊല്ലം ജില്ലയിൽ സുനാമി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരുടെ ഭവനനിർമ്മാണം ചില സന്നദ്ധ സംഘടനകളാണ് ഏറ്റെടുത്തിരുന്നത്. 33 വീടുകളുടെ പണി ഏറ്റെടുത്തിരുന്ന മാതാ അമൃതാനന്ദമയി മഠം പിൻമാറിയതിനാൽ ഇപ്പോൾ ടി പ്രവൃത്തി സുനാമി ജനറൽ സ്പെഷ്യൽ പാക്കേജുകളിൽ ഉൾപ്പെടുത്തുകയും സർക്കാർ സഹായത്തോടെ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചുവരുകയും ചെയ്യുന്നു. ഇവയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ആലപ്പുഴ ജില്ലയിൽ സുനാമി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരിൽ 4 പേർക്ക് ഇനിയും വീട് നൽകാനുണ്ട്. ഇതിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. തൃശ്ശൂർ ജില്ലയിൽ എടവിലങ്ങ് വില്ലേജിൽ 3 വീട് നിർമ്മിച്ചു നൽകുന്നതിൽ ഒരു വീടിന്റെ പണി ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു. 2 വീടുകൾ എടവിലങ്ങ് വില്ലേജിൽ പുനരധിവാസ ലിസ്റ്റിൽ ഉൾപ്പെടുത്തി നിർമ്മിച്ചുവരുന്നു. 31.5.2010-നകം മുഴുവൻ ആളുകൾക്കും വീട് നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 564** | **26/03/2010-ൽ മറുപടിക്ക്**

**പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ സൗകര്യങ്ങൾ**

**ചോദ്യം**
**ശ്രീ.** പി.പി.അബ്ദുള്ളക്കുട്ടി
**ശ്രീ.** പി. ജയരാജൻ
**ശ്രീ.** കെ. വി. കുഞ്ഞിരാമൻ
**ശ്രീമതി** കെ. കെ. ശൈലജ ടീച്ചർ
**ശ്രീ.** സി. കെ സദാശിവൻ

**ഉത്തരം**
ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | ഉണ്ട്. സാധാരണ വിദ്യാലയങ്ങളിൽ റിസോഴ്സ് സെന്റർ, റിസോഴ്സ് മുറികൾ, വാസ്തുശില്പപരമായ തടസ്സങ്ങൾ നീക്കം ചെയ്യാൻ അഡാപ്റ്റഡ് ടോയ്ലറ്റുകൾ എന്നിവ നിർമ്മിക്കുകയും പഠനോപകരണങ്ങളും, സഹായോപകരണങ്ങളും വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ 2009-10 മുതൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളെ മോഡൽ ഇൻക്ലൂസീവ് സ്കൂളുകളായി മാറ്റാൻ തീരുമാനിച്ചിട്ടുമുണ്ട്. |
| ബി) | സംസ്ഥാനത്തെ ഏതെല്ലാം വിദ്യാലയങ്ങളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | മോഡൽ ഇൻക്ലൂസീവ് സ്കൂളായി ഗവ.വി.എച്ച്.എസ്.എസ്. പയ്യോളി, ജി.എച്ച്.എസ്.എസ്. പനമരം, ജി.വി.എച്ച്.എസ്.എസ്. പത്തിരിപ്പാല, ജി.എച്ച്.എസ്.എസ്.വില്ലടം, ജി.ജി.എച്ച്.എസ്.പെരുവ, ജി.ജി.എച്ച്.എസ്. ചേർത്തല, ജി.വി.എച്ച്.എസ്.എസ്.മൂന്നാർ, ജി.വി.എച്ച്.എസ്.എസ്. ഇരിങ്ങോൾ എന്നീ വിദ്യാലയങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ 9 വിദ്യാലയങ്ങളിൽ റിസോഴ്സ് സെന്ററുകളും 42 സ്കൂളുകളിൽ റിസോഴ്സ് മുറികളും തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

→

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകർ, രക്ഷിതാക്കൾ, സഹപാഠികൾ, പി.ടി.എ. പ്രസിഡന്റുമാർ എന്നിവർക്ക് പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) | ഉണ്ട്. 2009-10 വർഷം 6500 രക്ഷകർത്താക്കൾക്കും 2428 ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്കും 923 റിസോഴ്സ് അദ്ധ്യാപകർക്കും സംയോജിത വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം നൽകിയിട്ടുണ്ട്. ഇതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് 'വെളിച്ചം' എന്ന കൈപ്പുസ്തകം പ്രസിദ്ധീകരിച്ച് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. 2010-11 വർഷത്തെ പരിശീലനങ്ങൾക്കായി 25 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എത്ര ലക്ഷം രൂപ വിനിയോഗിക്കുമെന്ന് വെളിപ്പെടുത്തുമോ? | ഡി) | മേൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് 2009-10 വർഷം 179.69 ലക്ഷം രൂപയാണ് വിനിയോഗിക്കുന്നത്. |

Shame

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 565** 26/03/2010-ൽ മറുപടിക്ക്

### വരൾച്ച മൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. സി.കെ.പി.പത്മനാഭൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ. എം.ജെ.ജേക്കബ് | | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി)<br>... |
| (എ) | കടുത്ത വരൾച്ചമൂലം സംസ്ഥാനത്ത് വൻതോതിൽ കൃഷിനാശം ഉണ്ടായിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി ) | വരൾച്ച മൂലമുള്ള കൃഷിനാശം ലഘൂകരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | സംസ്ഥാനത്തിന്റെ വ്യത്യസ്ത ജില്ല കളിലായി അനുഭവപ്പെട്ടു വരുന്ന വരൾച്ച മൂലമുള്ള കൃഷിനാശം ലഘൂകരിക്കുന്നതിനായി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജന പ്പെടുത്തി കനാലു കൾ വഴി ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തിയും കിണർ കുഴിച്ചും കണിക ജലസേചനം പ്രോൽസാഹിപ്പിച്ചും, കുറഞ്ഞ ജലം ആവശ്യമായ വിളകൾ മുന്നാം വിളയായി കൃഷിചെയ്യാൻ കൃഷിഭവൻ വഴി കർഷകർക്ക് നിർദ്ദേശം നൽകിയും ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചും കര കൃഷിക്ക് ജലസേചനത്തിനായി ആലപ്പുഴ ജില്ല യിൽ സൗജന്യമായി വൈദ്യുതി നൽകിയും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് വർൾച്ച മൂലം കാർഷിക മേഖലയിൽ എന്തു മാത്രം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിലയിരുത്തി യിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ഉണ്ട്. നാശഷ്ടങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വരൾച്ച മൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിക്കുമോ ? | (ഡി) | വരൾച്ച മൂലമുണ്ടായ നാശനഷ്ടത്തിനും വർൾച്ച നേരിടുന്നതിനും സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് ഒരു നിവേദനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 566

26.3.2010- ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീ. വി.ശശികുമാർ<br>ശ്രീ. കെ.സി.കുഞ്ഞിരാമൻ<br>ശ്രീ. സാജുപോൾ<br>ശ്രീ. ആർ.സെൽവരാജ് | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്ന കാര്യത്തിൽ എന്തെങ്കിലും സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) അംഗീകൃത സ്ഥാപനം നടത്തുന്ന പ്രവേശന പരീക്ഷ വഴി പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ബാങ്കുകൾ വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്നു. കൂടാതെ പഠിത്തത്തിൽ ഉന്നത നിലവാരം പുലർത്തിയിട്ടുള്ളവരും പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ നേടിയ ശേഷം അപേക്ഷിക്കുമ്പോൾ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും ഇന്ത്യൻ ബാങ്ക് അസോസിയേഷന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിച്ച് നൽകുന്നു. |
| ബി) വിദ്യാഭ്യാസ വായ്പ നൽകുന്നതിന് സംസ്ഥാനത്തെ ബാങ്കുകൾ വസ്തുജാമ്യമോ ആൾജാമ്യമോ ആവശ്യപ്പെടുന്നുണ്ടോ; എങ്കിൽ ആയത് കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങളുടെ ലംഘനമാണോ എന്ന് വ്യക്തമാക്കുമോ ; | (ബി) സംസ്ഥാനത്തെ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നത് ഇന്ത്യൻ ബാങ്ക് അസോസിയേഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

(.........2)

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട് |
| ഡി) | വിദ്യാഭ്യാസ വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകി യിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | പലിശനിരക്ക് കുറച്ചത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ല. |
| ഇ | ഇതിന്റെ പ്രയോജനം സംസ്ഥാന ത്തെ വിദ്യാർത്ഥികൾക്ക് ലഭ്യമാ- ക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 567*** **26.3.2010 ൽ മറുപടിക്ക്**

## ഡിസൈൻ വിഭാഗത്തിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ.എം.എം. മോനായി | ശ്രീ.പി.ജെ. ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കുമോ ; | (എ) കേരള സർക്കാരിനുവേണ്ടി നിർമ്മിക്കുന്ന പാലങ്ങളുടെയും ബഹുനില കെട്ടിടങ്ങളുടെയും ഘടനാപരമായ രൂപകൽപ്പന തയ്യാറാക്കുക എന്നതാണ് ഡിസൈൻ വിഭാഗത്തിന്റെ പ്രവർത്തനം |
| (ബി) കഴിഞ്ഞ വർഷം എത്ര കെട്ടിടങ്ങളുടേയും പാലങ്ങളുടേയും രൂപകൽപ്പന തയ്യാറാക്കിയിട്ടുണ്ട് ; | (ബി) 26 പാലങ്ങളുടേയും 35 കെട്ടിടങ്ങളുടേയും രൂപകൽപ്പന തയ്യാറാക്കിയിട്ടുണ്ട്. |
| (സി) ഈ വർഷത്തെ പ്രവർത്തനം വിശദമാക്കുമോ ; | (സി) ഈ വർഷം 28 പാലങ്ങളുടേയും 51 കെട്ടിടങ്ങളുടേയും ഘടനാപരമായ രൂപകല്പ്പന പൂർത്തിയാക്കി സമർപ്പിച്ചിട്ടുണ്ട് |
| (ഡി) പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ ജോലികളും കെട്ടിടങ്ങളുടെ രൂപകൽപ്പനയും പൂർണ്ണമായും നടത്തുന്നതിന് ഡിസൈൻ വിഭാഗത്തിന് കഴിയുന്നുണ്ടോ; | (ഡി) പൂർണ്ണമായും കഴിയുന്നില്ല. |
| (ഇ) ഡിസൈൻ ജോലികൾ യഥാസമയം പൂർത്തിയാക്കാത്തതുകൊണ്ട് മലബാർ പാക്കേജ് പണികളിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (ഇ) & (എഫ്) ഡിസൈൻ ജോലികളിൽ കാലതാമസം ഒഴിവാക്കുന്നതിനായി യോഗ്യതയുള്ള ഏജൻസികളുടെ ഒരു പാനൽ തയ്യാറാക്കി ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. |
| (എഫ്) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T. 568 — 26.03.2010 ൽ മറുപടിയ്ക്ക്

### ഭൂനയം

| ചോദ്യം<br>ശ്രീ.അബ്ദു റഹ്മാൻ രണ്ടത്താണി<br>എം.എൽ.എ | മറുപടി<br>ശ്രീ.കെ.പി.രാജേന്ദ്രൻ<br>ബഹു: റവന്യൂ വകുപ്പ് മന്ത്രി |
|---|---|
| എ) സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള ഭൂ പരിഷ്കരണനിയമത്തിന് ചില നിയമ ഭേദഗതികൾ ആവശ്യമാ ണെന്ന് കരട് ഭൂ നയം ശുപാർശ ചെയ്യുന്നുണ്ടോ? | എ) ഭൂ സംരക്ഷണം ഉറപ്പുവരുത്താനും ഭൂ പരിഷ്കരണ നിയമവും ചട്ടങ്ങ ളും കർശനമായി നടപ്പാക്കുന്നതിനും കഴിയുന്ന വിധം ചില ഭദഗതികൾ ആവശ്യമായിരിക്കും എന്നും, ഇതി നെ സഹായിക്കാൻ ചില നിയമങ്ങൾ കൊണ്ടു വരണമെന്നും നിർദ്ദേശിക്ക പ്പെടുന്ന കരട് ഭൂ നയം പൂർണ്ണമായി തയ്യാറായി വരുന്നു. |
| ബി) ഭൂ രഹിതർക്ക് ഭൂമി നൽകുന്നതിനെ കുറിച്ച് ഭൂ നയം ശുപാർശ ചെയ്യു ന്നുണ്ടോ? | ബി) മിച്ചഭൂമി പൂർണ്ണമായി ഏറ്റെടുക്കു ന്നതിലുള്ള നിയമ തടസ്സങ്ങൾ ഒഴിവാ ക്കിയും കോടതികളിലും, ലാന്റ് ബോർഡുകളിലും ഉൾപ്പെടുന്ന കേ സുകൾ സമയബന്ധിതമായി തീർപ്പാ ക്കി പരമാവധി മിച്ചഭൂമി ഏറ്റെടുക്കാ നും, സംസ്ഥാനത്ത് അർഹരായ മുഴുവൻ ഭൂ രഹിതർക്കും വിതരണം ചെയ്യാനും നിർദ്ദേശിക്കപ്പെടുന്നു. |
| സി) നെൽവയൽ - പ്രകൃതി സംരക്ഷണ ത്തെക്കുറിച്ച് കരട് ഭൂ നയത്തിൽ പരാമർശമുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | സി) നെൽവയൽ- പ്രകൃതി സംരക്ഷണ ത്തെക്കുറിച്ച് കരട് ഭൂ നയത്തിൽ പരാമർശമുണ്ട്.<br>ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമാ യി നെൽവയലുകളിൽ കൃഷി പ്രോൽ സാഹിപ്പിക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കാനും വേണ്ടിയുള്ള നിർ ദ്ദേശങ്ങൾ കരട് ഭൂനയത്തിലുണ്ട്. |
| (ഡി) ഭൂപരിഷ്കരണ നിയമത്തിലെ വ്യവ സ്ഥകൾ ലംഘിക്കുന്നവർ അധിക ഭൂമി കൈവശം വെച്ചിട്ടുണ്ടെങ്കിൽ തിരിച്ചു പിടിച്ച് ഭൂ രഹിതർക്ക് വിത | ഡി) 1957 ൽ തുടങ്ങിവെച്ച ഭൂ പരിഷ്കര ണം അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കും എന്ന ലക്ഷ്യം കൈവരി ക്കുക എന്നതിനാണ് കരട് ഭൂ നയ |

| | | | |
|---|---|---|---|
| | രണം ചെയ്യുന്നതിനെകുറിച്ച് കരട് ഭൂ നയത്തിലെ ശുപാർശകളെന്താണ്. | | ത്തിൽ പ്രാഥമിക പരിഗണന നൽകുന്നത്. അതിനനുസൃതമായ അവശേഷിക്കുന്ന മിച്ചഭൂമി മുഴുവൻഏറ്റെടുക്കുവാ ൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.<br>ഭൂ പരിഷ്കരണ നിയമ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുവാനും ഭൂരഹിതരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുവാനും പൊതുകാര്യങ്ങൾക്ക് നീക്കിവെക്കുന്നത് കഴിച്ചുള്ള മിച്ചഭൂമി മുഴുവൻ ഏറ്റെടുത്ത് വിതരണം ചെയ്യുവാനും സംസ്ഥാന ഭൂനയം വിഭാവനം ചെയ്യുന്നു. |
| (ഇ) | ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് | ഇ) | ഭൂപ്രകൃതിയുടെ ആർജ്ജവവും ആവാസ വ്യവസ്ഥയുടെ സുസ്ഥിതിയും നിലനിർത്തി സംസ്ഥാനത്തെ എല്ലാ പൗരന്മാർക്കും ഭക്ഷണം, ഭൂമി,വെള്ളം, വീട്, ഉപജീവന മാർഗ്ഗം എന്നിങ്ങനെ അവശ്യം വേണ്ട ജീവിത സൗകര്യങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരളാ സംസ്ഥാന ഭൂനയത്തിന്റെ കരട് തയ്യാറാക്കിയിട്ടുള്ളത്.<br>കൂടാതെ 2008 ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം നടപ്പിലാക്കുകയും ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 569 — 26-03-2010 - ൽ മറുപടിക്ക്

ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി.<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. പി. പി.അബ്ദുള്ളക്കുട്ടി. | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര ധനസഹായം പൻവലിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ; | (എ) ബുദ്ധിപരമായ വെല്ലുവിളികൾ അനുഭവപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര ധനസഹായങ്ങൾ പിൻവലിച്ചതായി ഔദ്യോഗിക അറിയിപ്പുകൾ സർക്കാരിൻെറ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) പ്രസ്തുത കേന്ദ്ര സഹായം നിലച്ചതോടെ പ്രസ്തുത കുട്ടികൾ നേരിടുന്ന കഷ്ടപ്പാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി), (സി), (ഡി) ബാധകമല്ല |
| (സി) ഈ വർഷം ലഭിക്കേണ്ട എത്ര കോടി രൂപയാണ് കേന്ദ്രം പിൻവലിച്ചതെന്ന് അറിയിക്കുമോ; | |
| (ഡി) പ്രസ്തുത ആനുകൂല്യം പുന:സ്ഥാപിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 570** **26/03/2010-ൽ മറുപടിക്ക്**

**പാഠപുസ്തക വിവാദം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം. മുരളി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | പാഠപുസ്തകങ്ങളിലെ വിവാദങ്ങളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഡോ.കെ എൻ. പണിക്കർ ചെയർമാനായി ഒരു സമിതിയെ നിയമിച്ചിരുന്നുവോയെന്ന് വ്യക്തമാക്കുമോ; | എ) | നിയോഗിച്ചിരുന്നു. |
| ബി) | പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചുവോയെന്ന് അറിയിക്കുമോ; | ബി) | റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| സി) | അതിലെ നിർദ്ദേശങ്ങൾ എന്തെല്ലാം ആയിരുന്നുവെന്ന് വ്യക്തമാക്കുമോ; | സി) | നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ഡി) | പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കുമോ? | ഡി) | സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. ഏഴാംതരത്തിൽ സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിൽ ആവശ്യമായ ഭേദഗതി വരുത്തി.<br>2. പാഠപുസ്തകങ്ങൾ പരിശോധിക്കുന്നതിന് ഒരു വിഷയബന്ധിത വിദഗ്ധസമിതിക്ക് രൂപം നൽകി.<br>3. അധ്യാപക പരിശീലനം- ഉള്ളടക്കം, വിനിമയരീതി, കുട്ടികളുടെ വികാസം തുടങ്ങിയ മേഖലകൾ കൂടി മെച്ചപ്പെടുത്തി വിപുലമാക്കി.<br>4.ചിത്രങ്ങൾ, ഫോട്ടോകൾ എന്നിവയുടെ നിലവാരം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.<br>5. ഭാഷാപാഠപുസ്തകങ്ങൾ വിദ്യാർത്ഥി സൗഹൃദമാക്കാൻ നടപടി സ്വീകരിച്ചു.<br>6. പാഠപുസ്തകം തയാറാക്കുന്ന വേളയിൽ വിഷയ വിദഗ്ധരുടേയും വിനിമയ വിദഗ്ധരുടെയും സേവനം പ്രയോജനപ്പെടുത്തിവരുന്നു.<br>7. പാഠപുസ്തകം, സിലബസ്, അധ്യാപക സഹായി എന്നിവ വെബ്സൈറ്റിൽ നൽകുന്നതിന് നടപടി സ്വീകരിച്ചു.<br>8. ഇംഗ്ലീഷ് പരിഭാഷ നിർവഹിക്കുന്നതിന് ഒരു പ്രൊഫഷണൽ ടീമിന്റെ സേവനം പ്രയോജനപ്പെടുത്തി വരുന്നു.<br>9. പാഠപുസ്തകങ്ങളെ പാഠ്യപദ്ധതി സമീപന രേഖയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ എസ്.സി.ഇ.ആർ.ടി.യ്ക്ക് നൽകുകയും ചെയ്യുക എന്ന പ്രധാന ലക്ഷ്യത്തോടെ ഒരു ടെക്സ്റ്റ് ബുക്ക് കമ്മീഷൻ രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.